
ഒറ്റ ക്ലിക്കിൽ ആകാശം
തൊടുന്നവർ....
സെന്റ്.ആന്റണീസ് ഗേൾസ് ഹൈസ്കൂൾ
വടകര
ഡിജിറ്റൽ മാഗസിൻ
ലിറ്റിൽ കൈറ്റ്സ് 2019-20

# സൈബർലോകത്തെ പട്ടം പറത്തലുകാർ

**KITE RUNNERS OF THE CYBER WORLD**



പട്ടം പറത്തുന്നവർ നമുക്കായൊരു ലോകം പണിയുന്നു....നിലാവുള്ള സൂര്യനും..... ഇളംപച്ചനിറത്തിൽ നക്ഷത്രങ്ങളുമുള്ള..... പാട്ടുപാടി വിത്തുകൾ മുളയ്ക്കുന്ന....കുണകൾമുളച്ചതുപോലെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാവുന്ന കു ഞ്ഞുലോകം......ലോകത്തിലെ എല്ലാ മനുഷ്യരും പൂത്തുവിരിയുന്നലോകം...അതെ ഒറ്റ ക്ലിക്കിൽ ആകാശം തൊടുന്നവർ... **little kite runners....**

# ആശംസ....



നമ്മുടെ സ്കൂളിൽ മികച്ച രീതിയിൽ പ്രവർത്തിച്ച് വരുന്ന ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിവിധ തരത്തിലുള്ള സൃഷ്ടി പരമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. വിവര സാങ്കേതിക വിദ്യയുടെ അതിശയകരമായ വളർച്ചയുടെ കാലത്ത് കാലത്തിനുതകുന്ന തരത്തിലുള്ള മെച്ചപ്പെട്ട വിദ്യാർത്ഥികളെ വാർത്തെ ടുക്കാനാവശ്യമായ ശ്രമങ്ങളാണ് ഇവിടെ നടക്കുന്നത്.മൂല്യബോധത്തിലധിഷ്ഠിതമായ ആധുനിക ലോക വിജ്ഞാനം നേടിയ പുത്തൻ സമൂഹസൃഷ്ടിക്ക് നിങ്ങൾക്ക് കഴിയട്ടെ. അതിന്റെ ഭാഗമായി തയ്യാറാക്കുന്ന മാഗസിന് സർവ്വ ആശംസകളും നേരുന്നു.

സി.ലില്ലി വി ജെ

ഹെഡ്മിസ്ട്രസ്

സെന്റ്.ആന്റണീസ് ഗേൾസ് ഹൈസ്കൂൾ

# സന്ദേശം

**ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ കുട്ടികളുടെ ഐ.ടി കൂട്ടായ്മാണ് ലിറ്റിൽ കൈറ്റ്സ്.മൊത്തം കണക്കെടുക്കുകയാണെങ്കിൽ 1,00,000-ത്തോ ളം പേർ ഇതിൽ അംഗങ്ങളാണ്. 2018-ൽ പ്രവർ ത്തനമാരംഭിച്ച ലിറ്റിൽ കൈറ്റ്സ് പഠന ത്തോടൊപ്പം തന്നെ ഐ.ടി മേഖലയിലും കഴിവുതെളിയിക്കാൻ പറ്റുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് ചെയ്തുവരുന്നത്. ലിറ്റിൽ കൈറ്റ്സിൽ അംഗങ്ങളല്ലാത്ത കുട്ടികളുടെയും രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിൻ തന്നെയാണ് ക്ലബ്ബിന്റെ പ്രവർത്തനത്തിൽ ഏറ്റവും കൂടുതൽ ശ്രദ്ധ പിടിച്ചുപറ്റുന്നത്.ഈ പ്രവർ ത്തനത്തിൽ പങ്കാ ളിയായ എല്ലാവർക്കും അഭിനന്ദനം അറിയി ക്കുന്നു.ഒപ്പം ഇനിയുള്ള ലിറ്റിൽ കൈറ്റ്സിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും എന്റെ പേരിലും ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ പേരിലും എല്ലാ വിധ ആശംസകളും നേരുന്നു.**

**കൃഷ്ണ പ്രിയ 9 B**

**-ലിറ്റിൽ കൈറ്റ് അംഗം -**

# ആശംസ....

കുഞ്ഞുങ്ങളെ ,

വിവരസാങ്കേതിക വിദ്യയുടെ അനന്ത വിഹായസിലേക്ക് പറന്നുയരുന്ന ലിറ്റിൽ കൈറ്റ് അംഗങ്ങളുടെസംരംഭമായ " ഒറ്റ ക്ലിക്കിൽ ആകാശം തൊടുന്നവർ" എന്ന ഡിജിറ്റൽ മേഗസിൻ സ്കൂളിലെ കുട്ടികളുടെയും അധ്യപകരുടെയും കൂട്ടയ ശ്രമത്തിന്റെ ഫലമാണ് . ഈ ഉദ്യമത്തിൽ പങ്കാളികളായ എല്ലാവർക്കും പ്രത്യേകിച്ച് ലിറ്റിൽ കൈറ്റ്സ് ടീമിലെ അംഗങ്ങൾക്കും എല്ലാ വിധ ആശംസകളും നേരുന്നു.........

സ്റ്റാഫ്

സെന്റ്.ആന്റണീസ് ഗേൾസ് ഹൈസ്കൂൾ

# ആശംസ....

*വിവരസാങ്കേതികവിദ്യ വളർന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നൂതന സാങ്കേതികവിദ്യയിലൂടെ*

*അറിവും അനുഭവും കലയും വളർത്തേണ്ടത് അത്യാവശ്യമാണ്.ഡിജിറ്റൽ യുഗം നമ്മുടെ ചിന്തകൾ ക്കും പ്രവർത്തനങ്ങൾക്കും ആക്കം കൂട്ടും എന്നതും സത്യമാണ്. സെന്റ് ആന്റണീസ് ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സ്*

*അണിയിച്ചൊരുക്കുന്ന ഡിജിറ്റൽ മാസിക ഏറെ പുതുമയും വൈവിധ്യവും നിലനിർത്തുന്നു. ഡിജിറ്റൽ മാസിക*

*അണിയിച്ചൊരിക്കിയ എല്ലാവർക്കും ആശംസകൾ കൂടുതൽ നേട്ടങ്ങൾ കരസ്ഥമാക്കുവാൻ സാധിക്കട്ടെ.*

*സ്റ്റാഫ് സെക്രട്ടറി*

*സെന്റ്.ആന്റണീസ് ഗേൾസ് ഹൈസ്കൂൾ*



# എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ

| | |
|---|---|
| കൃഷ്ണേന്ദു | IX-B |
| അരുണിമ .ആർ.ഐ | IX-B |
| അമയ.കെ.പി | IX-B |
| അഥീന.പി | IX-B |
| കൃഷ്ണപ്രിയ | IX-B |
| അർത്ഥന.എസ് | IX-C |
| വേദ.പി.പി | IX-D |
| ലക്ഷ്മിനന്ദന.എം.ടി | IX-C |

| | |
|---|---|
| ദിയ ലവെനിയ | IX-E |
| ഫിദ.സി | IX-E |
| ഷസ ആമിന.കെ | IX-A |
| സഞ്ജന.എൻ.വി | IX-D |
| നേഹ സുരേഷ് | IX-A |
| റിസ ഹാരിസ് | IX-A |

# എഡിറ്റോറിയൽ ബോർഡ്



## കൈറ്റ് മിസ്ട്രസുമാർ



# താളുകളിൽ


സൈബർലോകത്തെ പട്ടം പറത്തലുകാർ........2

ആശംസ........3

സന്ദേശം........4

ആശംസ........5

ആശംസ........6

എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ........7

എഡിറ്റോറിയൽ ബോർഡ്........8

താളുകളിൽ........9

സാങ്കേതികവിദ്യാകാലത്തെ സാഹിത്യം........13

സായഹ്നതീരം........17

मुखौडा........19

ഒരു ആകാശയാത്ര........22

മഴതൻ മുഖങ്ങൾ........22

A BETTER MORNING........23

........25

*വിശപ്പ്*........25

പ്രളയം ഒരു പാഠം........26

അനുഭവക്കുറിപ്പ്........27

പ്രളയം........28

- കവിത........28

എന്റെ ഗാന്ധി........29

*എന്റെ കൊച്ചു ഗ്രാമം*........32

BLUE AND THE MAGIC LAND........32

മഴ........35

ഡിജറ്റൽ പൂക്കളം........36

നിഴൽ........38

*സായഹ്നതീരം*........*39*

അമ്മ........41

പാൽക്കാരിയുടെ കുറ്റബോധം........42

അമ്മകിളിയും കുഞ്ഞികിളികളും........43

ഒരു തണുത്ത വെളുപ്പാകാലം........44

പ്രളയമഴ........45

കർഷകരുടെ സ്വപ്നം........46

പ്രളയം......49
സംരക്ഷിക്കാം പ്രകൃതിയെ......50
*LAKE TIME......51*
ഡിജിറ്റൽ പെയിറ്റിഗ്......52
എന്റെ അവധിക്കാലം......53
പെണ്ണ്......54
അധ്യപിക......55
പ്രളയം ഒരു കവിത......56
എൻ സ്വപ്നം......57
പ്രളയം......58
അമ്മ......59
ഭാരത ഭ്രമി......60
ഭ്രമി എന്ന മാതാവ്......61
BOUNDARIES OF INDIA......62
HELPING HANDS......63
മഴതൻ മുഖങ്ങൾ......64
മീനുവിന്റെ എട്ടുത്തുചാട്ടം......65
നിശാഗന്ധി......68
ഓണം വന്നേ......69
തവളയുടെ അനുസരണക്കേട്......71
ചിത്രങ്ങൾ-AVANI K-7 B......72
ഒരു തണുത്ത വെളുപ്പാകാലം......73
വിഷമം......74
തിളങ്ങുന്ന രത്നം......75
പ്രകൃതി......77
കൂട്ടുകാർ......79
നശിക്കുന്ന പ്രകൃതി......80
പെൻസിൽ രചന......82
പിഞ്ചോമനമകൾ......85
വായനക്കുറിപ്പ്......86
ജലച്ചായം......87
HELPING HAND......89
ജലച്ചായം......90

# സാങ്കേതികവിദ്യാകാലത്തെ സാഹിത്യം

-ഉപന്യാസം

സാങ്കേതിക വിദ്യാകാലത്തെ സാഹിത്യം എന്നത് കറങ്ങുന്ന ഒരു പമ്പരം പോലെയാണ്. കാണുന്ന ആളെ അത് വിസ്മരിപ്പിക്കുന്നു. നാം ജീവിക്കുന്നത് കമ്പ്യൂട്ടർ യുഗത്തിലാണ്. കമ്പ്യൂർ എന്നതിനുപുറമെ നിരവധി വാർത്തവിനിമയ ഉപകരണങ്ങളും ഏത് ചോദ്യത്തിനും ഉത്തരം നൽകാൻ കഴിയുന്ന ഗൂഗിൾ പോലുള്ള അപ്ലിക്കേഷനുകളും നിറഞ്ഞ ഈ യുഗത്തിലും സാഹിത്യത്തെ ഇഷ്ടപ്പെടുന്ന നോവലുകളും കഥകളും വായിക്കാൻ ആഗ്രഹിക്കുന്ന മലയാള മനസുകൾ ഉണ്ട് എന്നത് ഏറെ ആശ്ചര്യമാണ്. 2017 ലെ കണക്കുപ്രകാരം 133.29 കോടി ജനങ്ങൾ 99% പേരും വായനക്കാർ ആണ്. അതുകൊണ്ടാണ് സാമൂഹ്യമാധ്യമങ്ങൾ പ്രധാനപങ്കുവഹിക്കുന്ന കാലത്തും സാഹിത്യം ഉയർന്നുനിൽക്കുന്നത് . മനുഷ്യന്റെ പ്രിയപ്പെട്ട സാമൂഹികമാധ്യമങ്ങൾ നിൽക്കുമ്പോഴും അവൻ സാഹിത്യത്തിനും പുസ്തകത്തിനും പ്രധാന്യം നൽകുന്നു. ഭൂതകാലങ്ങളിലെ മികച്ച കൃതികളും കർത്താക്കളും രചനാശൈലിയുമൊക്കെ മലയാളമനസ്സുകളിൽ സാഹിത്യത്തിന്റെ മാധുര്യം ഇന്നും നിലനിർത്തുന്നത്. ഒപ്പം ആധുനിക മലയാള കൃതികളും അതിൽ പ്രധാന പങ്കുവഹിക്കുന്നു.

ചില സാമൂഹികമാധ്യമങ്ങളും സാഹിത്യത്തിന്റെ വളർച്ചയ്ക്ക് പ്രധാന പങ്കുവഹിക്കുന്നു. വായിക്കാത്ത നോവലുകളും കഥകളും kindle എന്ന അപ്ലിക്കേഷൻ വഴി ജനങ്ങളുടെ മുന്നിലേക്ക് എത്തിക്കുന്നു. ഇത് സാഹിത്യത്തിന്റെ വളർച്ചയ്ക്ക് കാരണമാകുന്നു. കൂടാതെ സ്വന്തമായി കുറിപ്പുകളും ലേഖനങ്ങളും മറ്റുള്ളരചനകളും നടത്തുന്നതിനുള്ള സൗകര്യം നൽകുന്ന ചില സോഫ്റ്റ് വെയറുകളും ഇന്ന് ശ്രേദ്ധേയമാണ്. പലപ്പോഴും ദൂരയാത്രക്കിടയിൽ പുസ്തകങ്ങൾ സൂക്ഷിക്കുന്നവരാണ് നമ്മൾ കേരളീയർ എന്നാൽ ഇന്ന് അത് കുറവാണ്. എന്നാൽ പുസ്തകങ്ങളുടെ കുറവ് നികത്താൻ ഇന്നത്തെ സാങ്കേതിക വിദ്യയ്ക്ക് കഴിയും എന്നതാണ് നേട്ടം. മാധ്യമങ്ങൾ മനുഷ്യജീവിതത്തിൽ പ്രധാനപങ്കുവഹിക്കുന്ന ഈ കാലഘട്ടത്തിൽ മൊബൈൽ ഫോണുകൾ ഉപയോഗിക്കാത്തവർ ആരുതന്നെ ഉണ്ടാവില്ല. എന്നുമാത്രമല്ല അവ ഏത് സമയവും നമ്മോട് ഒപ്പമുണ്ടാകം.മിടുക്കനായ മൊബൈൽഫോൺ ഉള്ളപ്പോൾ പുസ്തകങ്ങളെ വായനക്കാരുടെ കൈവെള്ളയിലാണ് നിഷ് പ്രയാസം എത്തിക്കാൻ ഇന്നത്തെ സാങ്കേതികവിദ്യയ്ക്ക് കഴിയും . ഇത് ഓരോരുത്തർക്കും ഇഷ്ടപ്പെട്ട്

വായിക്കാൻ ആഗ്രഹമുള്ള പുസ്തകങ്ങൾ വായിക്കാൻ ഇട നൽകുന്നു. പണ്ടത്തെപോലെ ഒരുപാട് ലൈബ്രറികളിൽ ഒരു പുസ്തകത്തിനുവേണ്ടി അലയേണ്ടതില്ല. ചിലപ്പോൾ ഒരു ലൈബ്രറിയെ തന്നെ നെറ്റ് വർക്കുള്ള ഫോണിലൂടെ നമ്മുടെ മുന്നിലെത്തിക്കാം.

സാങ്കേതികവിദ്യയുടെ ഈ വളർച്ച സാഹിത്യരംഗത്തുണ്ടാക്കിയ മാറ്റങ്ങൾ ശ്രദ്ധേയമാണ്. സാഹിത്യത്തെ ഉന്നതിയിലെത്തിക്കാൻ സാങ്കേതികവിദ്യ പ്രോൽസാഹിപ്പിക്കുന്നുണ്ട്. **"Google books", Kindle"** തുടങ്ങിയ നിരവധി അപ്ലിക്കേഷനുകൾ വായനക്കാർക്ക് ആവശ്യമായ പുസ്തകങ്ങൾ അവരുടെ മുന്നിലേക്ക് എത്തിച്ചുകൊടുക്കുന്നു. കൈകളിൽ എത്തുന്ന കടകളും ഷോപ്പിംങ് മാളുകളും ഇന്ന് സജീവമാണ്. നമ്മുക്കുവേണ്ടത് എന്തുമാകട്ടെ അത് നമ്മുടെ കൈകളിൽ അവ എത്തിച്ചുതരും. **Amazon, flipcart** തുടങ്ങിയ അപ്ലിക്കേഷനുകൾ ഇന്ന് സജീവമാണ്. ഭക്ഷണത്തിനായി **Sweegy** തുടങ്ങിയ ആപ്പുകളും മരുന്നുകൾക്കായി **Me medicals** എന്ന അപ്ലിക്കേഷനും ഇന്ന് നമ്മുടെ നാട്ടിൽ ഉപയോഗിച്ചുവരുന്നു. നമ്മുക്ക് വേണ്ടത് എന്തായാലും 2, 3 ദിവസത്തിനകം അവ എത്തിച്ചുതരുന്നു. ഭക്ഷണം,മരുന്നുകൾ, എന്നിവയ്ക്ക് 2 മണിക്കൂറുകൾ മാത്രം മതിയാകും.നെറ്റിലൂടെ ഡോക്ടറുടെ അപോയിമെന്റ്വരെ ബുക്ക്ചെയ്യാൻ കഴിയുന്ന കാലഘട്ടമാണിത്. ഇത്തരത്തിലുള്ള ഒരു വളർച്ച സാഹിത്യമേഖലയിൽ വലിയമാറ്റങ്ങൾ സൃഷ്ടിച്ചു. വായിക്കുന്ന ബുക്ക് ഉപഭോക്താവിന് സ്വന്തമായി വേണമെങ്കിൽ ആമസോൺ എന്ന അപ്ലിക്കേഷൻ വഴി വാങ്ങാം. അല്ലെങ്കിൽ പുസ്തകങ്ങൾ മാത്രം വാങ്ങാൻ ഉപയോഗിക്കുന്ന അപ്ലിക്കേഷനുകളും ഇന്ന് വിപണിയിൽ ലഭ്യമാണ്. അങ്ങനെ സാങ്കേതികവിദ്യ സാഹിത്യത്തിൽ വലിയമാറ്റങ്ങൾ ഉണ്ടാക്കി.

നൂതനവിദ്യകൾ സാഹിത്യത്തെ എത്രയോക്കെ പ്രോത്സാഹിപ്പിച്ചാലും ഒരു പക്ഷേ അതിന്റെയൊക്കെ എത്രയോ മടങ്ങ് മലയാളസാഹിത്യത്തിന്റെ ഉയർച്ചക്ക് ഒരു പരിധിവരെ ഭൂതകാലകൃതികളും കാരണമാകുന്നു.മലയാള സാഹിത്യത്തിലെ ആദ്യ കൃതിയായ അദ്ധ്യാത്മരാമായണവും മലയാള ഭാഷാപിതാവായ എഴിത്തച്ഛന്റെ കിളിപാട്ടുപ്രസ്ഥാനവുമെല്ലാം അന്നത്തെ ജനമനസ്സുകളിൽ ഉണ്ടാക്കിയ അനുഭൂതിയുടെയും വിജ്ഞാനത്തിന്റെയും പ്രതീകമാണ് നാം ഇന്നുകാണുന്ന മലയാളസാഹിത്യം.തുടർന്നുണ്ടായ ഓരോ കൃതികളും ഓരോ മലയാളമനസ്സിനെ പ്രതിപാദിക്കുന്നു.പ്രകൃതിയുടെ മനോഹാരിതയും

പച്ചപ്പും കവിതകളിൽ പ്രമേയമായപ്പോൾ നോവലുകളിൽ ശ്രദ്ധയേറിയത് പച്ചയായ ചില മനുഷ്യജന്മങ്ങളുടെ ജീവിതമായിരുന്നു.അതിനാൽ തന്നെ അവ മലയാളമനസ്സുകളിലേക്ക് ഇടിച്ചുകയറി.ആകാശത്തുനിന്ന് മഴത്തുള്ളികൾ ഭൂമിയിലേക്ക് വീഴുന്ന വേഗതയിൽ ഓരോ കൃതികളും രൂപം കൊണ്ടു.രൂപം കൊണ്ടതിനേക്കാൾ വേഗതയിൽ അവ ജനമനസ്സുകളിലേക്ക് ആളിപടർന്നു.ഓരോ കൃതികളും നമുക്ക് നല്ല മൂല്യങ്ങൾക്കപ്പുറം നല്ല സാഹിത്യക്കാരന്മാരെ തന്നു.400-ൽപരം സാഹിത്യക്കാരന്മാർ മലയാളഭാഷയ്ക്ക് പ്രിയപ്പെട്ടവരാണ്.ഇന്നത്തെ മലയാളസാഹിത്യം എന്നത് 300 റോളം കവിതകളും 400 റോളം കഥകളും 200 റോളം നോവലുകളും 30 ൽപരം പരം പുരസ്കാരങ്ങളും ചേർന്നതല്ല പകരം ഒരു ജനതയുടെ ഒരു കാലത്തെ ചോരതിളപ്പായിരുന്നു, ചങ്ങമ്പുഴ, എം ടി വാസുദേവൻനായർ, ഒ. എൻ. വി എന്നിങ്ങനെ ഒരു കൂട്ടത്തോളം നല്ല സാഹിത്യക്കാരൻമ്മാരെയാണ് മലയാളസാഹിത്യം നമ്മുക്ക് സമ്മാനിച്ചത്.

നൂതനവിദ്യകളുടെയും ലോകത്തിന്റെയും വളർച്ചകൾക്കൊപ്പം സാഹിത്യംവും വളർന്ന ഈ കാലഘട്ടത്തിലെ സാഹിത്യവും കൃതികളുടെ പ്രമേയവുമെല്ലാം ഭൂതകാലസാഹിത്യത്തിൽ നിന്ന് വളരെ വ്യാത്യാസപെട്ടിരിക്കുന്നു. എങ്കിലും മലയാളസാഹിത്യം അന്നും ഇന്നും ഒരുപോലെ പുഷ്പിച്ചുനിൽക്കുന്നു. മലയാളികൾ പുസ്തകത്തെ മാറോട്ചേർക്കുന്നവരാണ്. എന്നാൽ കാലത്തിനൊത്ത് അവന്റെ ശീലവും സ്വഭാവവും മാറി. മൊബൈൽ അവന്റെ കൈയ്യിൽ സ്ഥാനം പിടിച്ചു. എന്നാൽ ഇന്നത്തെ സാങ്കേതികവിദ്യയിലൂടെ മൊബൈൽ ഫോണിന്റെ ഉള്ളിൽ അവനിഷ്ടപ്പെട്ട പുസ്തകങ്ങൾ ഇതൾവിരിഞ്ഞു. ഫോണിന്റെ വിസ്മയങ്ങൾ ക്കുള്ളിൽ ഒതുങ്ങിയാലും അവന്റെ ഉള്ളിൽ സാഹിത്യത്തിന്റെ വളർച്ച ആഗ്രഹിക്കുന്ന സാഹിത്യത്തെ സ്നേഹിക്കുന്ന മനസ്സുണ്ട്. ആ മനസ്സിനെ ഉൾക്കൊള്ളാൻ ഇന്നത്തെ സാങ്കേതിക വിദ്യയ്ക്ക് കഴിയും എന്നതാണ് നേട്ടം. ഇവിടെ വായനമരിക്കുന്നില്ല പകരം മറ്റൊരു വിധത്തിൽ അവനിൽ പുനർജനിക്കുന്നു. ആ പുനർജനനം അവനിലും ലോകത്തിലും വലിയ മാറ്റങ്ങൾ സൃഷ്ടിക്കുന്നു. നാളെയുടെ വാഗ്ദാനമാക്കി അവനെ മാറ്റാനും ചിലപ്പോൾ ഇനി വരുന്ന മലയാളജനതക്കും മലയാളഭാഷാസാഹിത്യത്തിനും നിരവധി സംഭാവനകൾ നൽകാൻ അവരെ പ്രാപ്തനാക്കുകയും ചെയ്യുന്നു സാഹിത്യത്തെ പണം സമ്പാദിക്കാനുള്ള ഉപാധിയായി പലരു കാണമ്പോൾ മലയാളികൾ ഇതുവരെ അങ്ങനെ കണ്ടില്ല എന്നതും പലരും

മറ്റുള്ളവരിലേക്ക് പ്രകാശം പകരാനുള്ള ഒരു കവാടമായാണ് അവർ അതിനെ കാണുന്നതെന്നതും മലയാളികൾക്ക് എടുത്തുപറയാവുന്ന ഒരു ഗുണമാണ്.

സാങ്കേതിക വിദ്യ സാഹിത്യത്തെ എത്രമാത്രം ഉന്നതിയിലേക്ക് നയിക്കുന്നു എന്ന് വിലയിരിത്തികൊണ്ട് നല്ലൊരു ഭാവി മലയാളസാഹിത്യത്തിനും നൂതനവിദ്യകൾക്കുംനേർന്നുകൊണ്ട്, നാളെയുടെ നല്ലഭാവി സ്വപ്നം കണ്ട് കൊണ്ട് ഒരു പാട് നല്ല പുസ്തകങ്ങൾ നമുക്കായി സമ്മാനിച്ച സാഹിത്യക്കാരന്മാരായി മാറാൻ നമുക്ക് കഴിയട്ടെ എന്നാശംസിച്ചുകൊണ്ട് കേരളത്തിന്റെ സാങ്കേതിക പുരോഗതിക്കായി നമുക്ക് ശ്രമിക്കാം.

**കൂടുതൽ വേഗത്തിൽ....**

***കൂടുതൽ ഉയരത്തിൽ......***

**ഗീതു എം -8 ഇ**

# *സായഹ്നതീരം*

നിലാവിനാൽ നെയ്ത രാത്രി

തന്നുടയാടയുടുക്കുവാൻ

ഒരു പകലിൽ ഞൊറി മെല്ലെ

അഴിച്ചു തുടങ്ങി സായാഹ്നം

കാറ്റിൻ ശ്രുതി മീട്ടിയൊഴുക്കും

നിന്റെ തീരത്തു നിൽക്കുന്നു ഞാൻ

നിനക്കാത്ത നേരത്തു

കണ്ടുമുട്ടി നാമറിയാത്തൊരാത്മ ബ-

*ന്ധത്തിൽ നിർവൃതിയില്*

വേദന മാത്രമായി തീർന്നു

നമ്മുടെ ജീവിതമെങ്കിലും

എന്തിന് ദുംഖ സാന്ദ്രമാക്കണമീ

നിമിഷം നിന്റെ ദുരിതങ്ങളെക്കുറിച്ച

വാചാലരാക്കുന്നു

പാഠപുസ്തകങ്ങളും അധ്യാപകരും

നിന്റെ രക്ഷാ മാർഗ്ഗം തേടിപോയ

കുട്ടികൾ തൻ യാത്രയ്ക്ക് അന്ത്യം കുറിക്കുന്നു

പിന്നെ അവർ തന്നെ

മാലിന്യത്തിന്റെ റിത്തുമായി

എത്തുന്നു നിൻ അരികിൽ  ഭാവിയിൽ

അറിയുന്നു ഞാൻ നിന്റെ വ്യഥകളെല്ലാം

ദുരിതതിൻ വേനലിൽ വറ്റുന്നവർ നാം

എങ്കിലും എന്തിന് ദുംഖസാന്ദ്രമാകണമീ

ഈ നിമിഷങ്ങൾ വെറുതെ

മനസ്സിലെ ഹർഷങ്ങൾ മന്ദസ്മിതമായി

നിൻ തീരത്തെ തെന്നലിലയുന്ന

നേരം തിരികെ പോകുവാൻ

വിളിക്കുന്നെൻ സഹപാഠികൾ

പിരിയുവാൻ നേരമോ വന്നണഞ്ഞു.

തിരിച്ച നടക്കുന്ന നേരത്ത്

നിറഞ്ഞില്ല മിഴികൾ

ഭാരമൊഴിഞ്ഞ മനസ്സുമായി

ഞാൻ നടക്കേ ശാന്തമായ്

നീയൊഴുക്കി ദൂരേ................

സംവൃത പികെ -6thB

# मुखौडा

*सूरज समुद् में डूबता चला रहा था l उसके डूबने की गति से नीरजा के साँसे भी बढने लगी थी l आज लेट होने की वजह से मँ की डांट तो पक्की हैं l उन दिनें दिल्ली में ट्राफिक इतना ज्यादा था कि हर बस ठन-ठनकर लोगों से भरा दिया गया था l नीरजा के वागन - इराजडी का याद आ गया l आगिर बस स्टोप में बस वह और एक आदमी खडा था l उसने नीरजा को देखकर एक लंबी सी मुस्कराहट दी l नीरजा ने भी एक वापसी हँसी दी l वह उसके पास गया*

*और पौकट से एक चौवलैट निकाला ओर नीरजा की तरफ़ लाया l नीरजा के पेट में चूहें दौ रहे थे l भूख के मारे वह झट से चौवलेट का लेती है l पर..... अचानक उसकी सिर चकराने लगी l उसकी आँखें बंद होने लगी ओर बेहोश हुई l*

*नीरजा की माँ बेचने हो रही थी l कल, जब तक फॉनकॉल पुलिस स्टेशन से आप तक एक अजीब सी बेचैनी सी बढ गई थी l मोरचरी के ठंड में अपनी दिल की टूकडे को लाश बना देखा वह चीखकर सैनै लगी l*

कोर्ट के कमरे पर बड़े-बड़े वकीलों की ज़बानी से वह आदमी निर्दोश सा हुआ **l**

*तभी भी कॉट के नीतिदेवता की आँखें पट्टी से बंधी हुई थी l तभी माँ एक शेरनी बनकर कोर्ट में आवाज़ उठाई और कही,*

*"आज तक मैं ये सोचती थी कि नीतिदेवता की सिर्फ़ आँखे ही पट्टी बंधी हुई थी l आज समझ में आया की नीतिदेवता मुखौडा पहनकर आया है l एसी मुखौडों की दुनिया में नही जीना है मुझे l"*

यही सब कहते हुए उसने बैग से एक ब्लेड़ निकालकर अपनी नज़ें काट ली **l**

*कल जब ये बात समाचार बना,तभी मुखौड़ा पहने हुए लोग उसे देखकर हाय हाय कहने लगे l*

जयलक्ष्मी बि **10** बि

# ഒരു ആകാശയാത്ര

വിനയൻ നക്ഷത്രങ്ങളുടെ ലോകത്തേക്ക് പറന്നുയർന്നു. ചുറ്റും കൂരിരുട്ട് എങ്ങും നിശബ്ദത. മാലാഖമാരെ പോലെ നക്ഷത്രങ്ങൾ മിന്നിമിന്നി കളിക്കുന്നുണ്ടായിരുന്നു. ഇതുവരെ കാണാത്ത കാഴ്ചകളുമായി അവൻ പറന്നുയരാൻ തുടങ്ങി.ആകാശത്തിന്റെ അനന്തവിശാലതയിൽ ചിതറിക്കിടക്കുന്ന നക്ഷത്രങ്ങളെ കണ്ടപ്പോൾ ഉഴുതുമറിച്ച വയലിൽ പുതുതായി വിതച്ച ഗോതമ്പുമണികളാണ് വിനയന് ഓർമ്മ വന്നത്.നക്ഷത്രങ്ങളുടെ നിറം കെടുത്തികൊണ്ട് പ്രചണ്ഡപ്രഭയോടെ പ്രകാശിക്കുന്ന സൂര്യൻ.ബഹിരാകാശത്തുവച്ച്  സൂര്യനെ നോക്കുക എളുപ്പമല്ല.ഭൂമിയിൽ നിന്നു കാണുന്നതിന്റെ നൂറിരട്ടി തീവ്രതയുണ്ട് ബഹിരാകാശത്തെ സൂര്യന്. സൂര്യന്റെ തീവ്രകിരണങ്ങളിൽ നിന്ന് രക്ഷപ്പെടാൻ വാഹനത്തിന്റെ കിളിവാതിൽ പലപ്പോഴും ഫിൽ റ്റർവച്ച് അടച്ചിടേണ്ടിവന്നു. ഈ കാഴ്ചകളെല്ലാം കാണുന്നത് അതീവ ഹൃദ്യമായ ഒരനുഭവമായാണ് വിനയന് അനുഭവപ്പെട്ടത്.

അഞ്ജന

# മഴതൻ മുഖങ്ങൾ

അപ്പൂപ്പൻതാടി പോലുള്ളൊരു
മേഘങ്ങൾക്കിടയിലൂടെ
മഞ്ഞുപോലെ പൊഴിയുന്ന മഴയെ
എൻ മനസിലിടം നേടീ നീ
എരിയുന്ന മനസിലെ തീയണക്കാൻ
കത്തുന്ന വെയിലിന്റെ ചൂടകറ്റാൻ
ഇടിയായി മഴയായി കാറ്റായ് തണുപ്പായ്
മനം കുളിർപ്പിച്ചു പെയ്യുന്ന മഴയെ
പ്രകൃതിതൻ സാന്ദ്രലിതമോഹങ്ങളുടെ
മാനവൻ ചൂഷണം ചെയ്തീടുമ്പോൾ
രൗദ്രഭാവിയായി പേമാരിയായ്
വന്നു ഭവിച്ചു നീ കാലനായ്
കുന്നുകൾ വയലുകൾ മലനിരകൾ
തട്ടിനിരത്തി നാം മാനവന്മാർ
ഈ രമ്യമനോഹരമായ
ഭുവിനെ പ്രളയമായി നീ ഒന്നൊന്നായ്
തിരികെയെടുത്തിടുന്നു
മാനവന്മാരുടെ ജീവനു വിലയില്ല.

അനീറ്റ വി

**7 A**

# A BETTER MORNING

**adjustments with right people**
**is better than an argument**
**with some wrong people**
**meaningful words is better than**
**a meaningless maximum.....**
**a good  teacher is better than yesterday**
**meritorious leader.........**
**today is better than yesterday**
**and future is better than**
**our childhood ......**
**let's pray for a  better morning**
**- - - - - - - - - - - - -**

**Anjana.m**

# വിശപ്പ്

ഉദയപുരം എന്ന ഒരു ഗ്രാമത്തിൽ ധനികനായ ഒരു ഹോട്ടൽ മുതലാളി ഉണ്ടായിരുന്നു. അയാളുടെ ഹോട്ടലിൽ എന്നും ഭയങ്കര തിരക്കായിരുന്നു.അവിടെ വരുന്ന ആളുകളിൽ ഭൂരിഭാഗം പേരും ഭക്ഷണം വേസ്റ്റ് ആക്കി.അവരുടെ കടയിൽ എന്നും ഒരു ആൾ വന്നിരുന്നു .അയാൾ കഴിച്ചുകൊണ്ടിരിക്കുന്നവർ എഴുന്നേറ്റ് പോയാൽ ബാക്കിവച്ച ഭക്ഷണം

കവറുകളിലാക്കി പോകും.പോകുമ്പോൾ അവർക്ക് ഇരുപത് രൂപ നൽകും.ഇത് തുടർ-

ന്നു കൊണ്ടിരുന്നു.ഒരു ദിവസം മുതലാളി അദ്ദേഹത്തെ പിൻതുടർന്ന് പോയി.അദ്ദേഹം

കവറുകളാക്കുന്ന ഭക്ഷണം പാവപ്പെട്ടവർക്ക് നൽകി.ഇത് ആ മുതലാളിയുടെ കണ്ണു

നനച്ചു...കണ്ണുതെളിച്ചു....

പ്രയാഗ-**6 B**

# പ്രളയം ഒരു പാഠം

**2018** ആഗസ്റ്റിൽ ഉണ്ടായ പ്രളയം കേരളത്തിന്റെ ഓർമ്മയിൽ ഒരു പേടിസ്വപ്നമാണ്.വിവരണാതീതമായ ദുരിതങ്ങളിലൂടെയാണ് കേരള ജനത കടന്നുപോയത്. പ്രളയം ദുരിതം വിതച്ചെങ്കിലും  ഒരു നല്ല പാഠം കൂടിയാണ് പ്രളയം നമ്മെ പഠിപ്പിക്കുന്നത്.പ്രശ്നത്തെക്കുറിച്ച പഠിക്കുമ്പോൾ ഉത്തരവാദികൾ നാം തന്നെയാണ്.പ്രകൃതി നമുക്ക് എല്ലാം സമ്മാനിച്ചു. എന്നാൽ ഈ സമ്മാനങ്ങൾക്ക് പകരം നാം സമ്മാനിച്ചത് അതി ഭീകരമായ ചൂഷണമായിരുന്നു.ജലമലിമീകരണം വായു മലിനീകരണം,പ്രകൃതി വിഭനങ്ങളുടെ അമിത ചൂഷണം,ജനപെരുപ്പം ഇവയെല്ലാം പ്രകൃതിയെ നശിപ്പിക്കുന്ന കാര്യങ്ങളാണ്.പ്രകൃതി നമ്മുക്കു തന്ന പാഠമായി കഴിഞ്ഞ പ്രയളയത്തെ കാണാം.

ജാതിയുടെയും മതത്തിൻെറയും പേരിൽ തമ്മിലടിച്ചിരുന്നവർ പ്രളയസമയത്ത് ഒന്നായി..പലർ കൊണ്ടുവന്ന ഭക്ഷൻം കഴിക്കുകയും ഒരുപായിൽ ഉറങ്ങുകയും ചെയ്തു പലമതസ്ഥർ..ക്യാമ്പുകളിൽ അവർ ഒന്നായിരുന്നു..പ്രളയകാലത്ത് മനുഷ്യൻ ഭക്ഷണത്തിന്റെ വിലയറിഞ്ഞു... പ്രകൃതിയും പ്രതിഷേധിക്കും എന്ന് തരിച്ചറിഞ്ഞു..ജാതിയ്ക്കും മതത്തിനും അതീതനായി മനുഷ്യനാണ് വലുതെന്ന് തിരിച്ചറിഞ്ഞു....

ദേവനന്ദ ബാബു ബി.എസ്-**VIII C**

# അനുഭവക്കുറിപ്പ്

അതൊരു അവധിക്കാലമായിരുന്നു.വയനാട്ടിലെ വരദൂർ എന്ന കൊച്ചു ഗ്രാമം.അവധിക്കാലമായാൽ ആദ്യം അങ്ങോട്ട് പോകാനാണ് എന്റെ മനസ്സ് തുടിക്കുക.വയലുകളും നെൽപാടങ്ങളും കുന്നുകളും ചെറിയ തോടുകളും ഉള്ള എന്റെ കൊച്ചുനാട്.

ചുരത്തിലൂടെയുള്ള ഹൃദയഹാരിയായ യാത്രയ്ക്ക് ഒടുവിൽ ഞങ്ങൾ വരദൂരിലെ വീട്ടിലെത്തി.ഞങ്ങളുടെ വരവിനായി കാത്തിരിക്കുകയായിരുന്നു അവർ. എന്റെ ഫ്രണ്ട്സും കസിൻസും മമ്മിയും ഡാഡിയും എല്ലാവരും അവിടെ ഒത്തുകൂടിയിരുന്നു. കാപ്പി കുടിച്ചും തമാശകൾ പറഞ്ഞും കളിച്ചും ചിരിച്ചും സമയം പോയതറിഞ്ഞില്ല. അടുത്തത് ഉച്ച ഭക്ഷണമാണ് . നല്ല രസികൻ സാമ്പാറും പച്ചടിയും കിച്ചടിയും എല്ലാം അവിടെ ഉണ്ടാകും. എന്റെ അച്ഛന്റെ അമ്മ പാചകത്തിൽ വിദ്ഗ്ദയാണ്.കഴിച്ച് കഴിഞ്ഞാൽ ഞങ്ങൾ പുറത്തേക്ക് ഇറങ്ങി പശുവിനോടും കോഴിയോടും പട്ടിയോടും ഒപ്പം കളിച്ചു നടന്നു.ഒരു കുന്നിൻ മുകളിലാണ് ഞങ്ങളുടെ വീട്. അവിടെ നിന്നും നോക്കിയാൽ വിശാലമായ വയൽ വരമ്പുകൾ കാണാം. പിന്നെ താമസിച്ചില്ല അച്ഛന്റെ അനുവാദത്തോട് ഞങ്ങൾ ചെളിയിൽ തിമിർത്തു. ശരീരം മുഴുവൻ മണ്ണിൽ പൊതിഞ്ഞ് മണ്ണുണ്ണികളായി.രാത്രിയായാൽ നല്ല രസമാണ്.കുട്ടികളെല്ലാം വിശാലമായ മുറ്റത്ത് ഒത്തുകൂടും.മുറ്റത്ത് 6 മണിക്ക് ചാഞ്ഞുകിടക്കുന്ന മാവിന്റെ ചില്ലയിൽ കെട്ടിയിട്ട ഊഞ്ഞാലിൽ ഇരുന്ന് എല്ലാവരും കൂടെയുള്ള ഉറക്കവും ഒരു രസമാണ്. രാവിലെ എഴുന്നേറ്റ് മുറ്റത്ത് ഊഞ്ഞാലിൽ പോയിരുന്ന് കാപ്പി കുടിക്കും നല്ല സുഖമാണിത് താഴോട്ട് നോക്കിയാൽ വയൽ മുകളിൽ നോക്കിയാൽ കൊടമഞ്ഞ് മൂടികിടക്കുന്ന വാനം.അടുത്ത അവധിക്കാലമാകാൻ മനസ്സ് കൊതിക്കുകയാണ്.

ഇഷാനി കെ ബി എസ്

6thB

# പ്രളയം

– കവിത

പ്രളയം,ജനനിതൻ മറ് പിളർന്നെത്തിയീ

പ്രളയം നോവിൻ വറ്റാത്ത കണ്ണീരായ്

എങ്കിലും ഒരു മെയ്യായ് ഒരു മനമായ്

ഒരേ വികാരമായ് താങ്ങിയെൻ ഭൂമിയെ

കണ്ണീർ തോർന്നെനി മാനം തെളിഞ്ഞെനി

മുറിവുക ഓരോന്നായി ഉണക്കീടേണം

കൈ കോർക്ക സോദരേ നിങ്ങളും,ഒരുമിച്ച്

ഉയർത്തെഴുന്നേൽപ്പിക്കാം നമ്മുടെ നാടിനെ

- അനന്യ പി പി -6 B



# എന്റെ ഗാന്ധി




ഇരുപതാംനൂറ്റാണ്ടിലെ സ്വാതന്ത്ര്യ പോരാട്ടങ്ങളിലെ മുന്നണി പോരാളിയായ മഹാനാണ് മോഹൻദാസ് കരംചന്ദ് ഗാന്ധി എന്ന "എന്റെ ഗാന്ധി" അപ്പൂപ്പൻ.സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തെ മുട്ടുകുത്തിച്ച ഗാന്ധിജി 1869 ഒക്ടോബർ 2 ന് ഗുജറാത്തിലെ പോർബന്തറിൽ പുതലീഭായിയുടേയും കരംചന്ദ്ഗാന്ധിയുടെയും മൂന്ന് പുത്രന്മാരിൽ ഇളയവനായി ജനിച്ചു.കുട്ടികാലത്ത് കൊച്ചു കൊച്ച് കള്ളത്തരങ്ങൾ ചെയ്തു കാര്യം തുറന്നു പറയാനുള്ള മനസ്സ് അദ്ദേഹം കാട്ടിയിരുന്നു. അവയെപറ്റി വിശദമായി തന്നെ ആത്മകഥയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

കുട്ടിക്കാലത്ത് ചില തെറ്റായ പ്രേരണകളാൽ അപ്പൂപ്പൻ പുകവലിച്ചിരുന്നു .ഇത് തുടരാനായി സ്വന്തം ചേട്ടന്റെ സ്വർണവളയുടെ കഷ്ണം കൊണ്ട്പോയി വിറ്റതും തന്റെ തെറ്റിൽ പശ്ചാത്താപം  തോന്നി രോഗശയ്യയിലായിരുന്ന അച്ഛന് മാപ്പ് അപേക്ഷിച്ചുകൊണ്ടുള്ളകത്ത്എഴുതിയതുംനമുക്കോർമിക്കാം.വായിച്ചശേഷമുള്ള  അച്ഛന്റെ അവസ്ഥ അദേഹം വിവരിക്കുന്നത് മാതൃകാപരമാണ്.അതോടൊപ്പംകുട്ടിക്കാലത്ത് അദേഹം പല രംഗങ്ങളിലും കഴിവ് തെളിയിച്ചിരുന്നു.പഠനത്തിനുശേഷമുള്ള സമയം തന്റെ അച്ഛന്റെ ശുശ്രൂഷയ്ക്കായി നീക്കിവച്ചിരുന്നു.അച്ഛന്റെ മരണം ഗാന്ധിയപ്പൂപ്പനെ വല്ലാതെ വേദനിപ്പിച്ചിരുന്നു.അദേഹം പ്രാർത്ഥനയ്

ക്കായും സമയം കണ്ടെത്തിയിരുന്നു. 13-ാം വയസ്സിൽ കസ്തൂർബായെ വിവാഹം ചെയ്തു.എന്റെ ഗാന്ധിയപ്പൂപ്പന്റെ  ജീവിതം, പ്രത്യേകിച്ചും കുട്ടിക്കാലം , ശരിക്കുപറഞ്ഞാൽ ഒരു ബാലപാഠപുസ്തകം ആണ്.

ഗാന്ധിയപ്പൂപ്പൻ പിന്നീട് ലണ്ടനിൽ പഠനത്തിനായി പോയി. മാംസം , മദ്യം , സ്ത്രീ എന്നിവയിൽ  ആകൃഷ്ടനാകില്ലെന്ന് തന്റെ അമ്മ

യ്ക്ക് വാക്കുകൊടുത്തശേഷമായിരുന്നു യാത്ര.ലണ്ടനിലെ പഠനത്തിനു ശേഷം ഇന്ത്യയിൽ തിരിച്ചെത്തിയതിനുശേഷമാണ് അപ്പൂപന്റെ ശരിക്കുള്ള ജീവിതം ആരംഭിക്കുന്നത്.ദക്ഷിണാഫ്രിക്കയിൽ നിയമോപദേഷ്ടാവായി ജോലി ലഭിച്ച് അവിടേക്ക് പുറപ്പെട്ടു.അവിടെവെച്ച് വെള്ളക്കർ ഇന്ത്യക്കാരായ സാധുജനങ്ങളെ ദ്രോഹിക്കുന്നത് അദേഹത്തെ വിഷമിപ്പിച്ചു.കൂടാതെ ട്രെയിനിൽവെച്ചുണ്ടായ ദുരനുഭവവും കൂടിയായപ്പോൾ അദേഹം പോരാടാൻ തുടങ്ങി.അങ്ങനെ ദക്ഷിണാഫ്രിക്കയിലെ സമരങ്ങളിൽ വിജയം കണ്ടതിനുശേഷം അദേഹം ഇന്ത്യയിൽ തിരിച്ചെത്തി.തിരിച്ചെത്തിയ അപ്പൂപന് വളരെ വലിയൊരു സ്വീകരണമാണ് നൽകിയത്.തന്റെ ഗുരുവായ ഗോപാലകൃഷ്ണ ഗോഖലെയുടെ നിർദേശപ്രകാരം അപ്പൂപൻ ഒരു വർഷം ഇന്ത്യയെ കണ്ടെത്താനായി യാത്ര പുറപ്പെട്ടു. ഇന്ത്യൻ ജനതയുടെ പ്രശ്നങ്ങൾ പഠിച്ചു.പിന്നെജനങ്ങൾക്കിടയിലേക്കിറങ്ങി.ഇന്ത്യയിലെ അദേഹത്തിന്റെ ആദ്യത്തെ സത്യാഗ്രഹമായിരിന്നു 1917 ലെ 'ചമ്പാരൻ സത്യഗ്രഹം'.പിന്നീടദ്ദേഹം സ്വാതന്ത്ര്യത്തിനായി സത്യത്തേയും അഹിംസയേയും മുറുകെപിടിച്ച് പോരാടി. ‘എന്റെ ജീവിതമാണെന്റെ സന്ദേശം’ എന്ന് ആഹ്വാനം ചെയ്ത അപ്പൂപന് സമരങ്ങൾക്കിടയിൽ നിരവധി തവണ ജയിൽവാസം അനുഭവിക്കേണ്ടിവന്നിട്ടുണ്ട്.അപ്പൂപന്റെ പ്രവർത്തനങ്ങളിലൂടെ 1947 ഓഗസ്റ്റ് 15 ന് നമ്മുടെ ഭാരതം സ്വതന്ത്രമായി .പ്രാർത്ഥനായോഗത്തിനിടെനാഥുറാം വിനായക് ഗോഡ്സെ എന്ന മതഭ്രാന്തന്റെ വെടിയേറ്റ് 1948 ജനുവരി 30 ന് അപ്പൂപൻ എന്നന്നേക്കുമായി കണ്ണുകളടച്ചു.ഡൽഹിയിലെ രാജ്ഘട്ടി



ൽ അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്നു.ഗാന്ധിയപ്പൂപ്പൻ സഹനത്തി
ന്റെ പാതയിലൂടെയാണ് സഞ്ചരിച്ചത്.അതുകൊണ്ടുതന്നെ ഓരോ
വ്യക്തിക്കും അദ്ദേഹം മാതൃകയാണ്. “ മാംസവും രക്തവുമുള്ള
ഇങ്ങനെയൊരു മനുഷ്യൻ ജീവിച്ചിരുന്നെന്ന് വരും തലമുറയ്ക്ക് വിശ്വ
സിക്കാൻ പ്രയാസമായിരിക്കും ” - എന്ന ഐൻസ്റ്റൈന്റെ വാക്കുക
ൾ തികച്ചും അർഥവത്താണ്.പ്രകൃതിയെ സസൂക്ഷ്മം വീക്ഷിച്ച ഒരു
വ്യക്തികൂടിയായിരുന്നു അദ്ദേഹം .വായിച്ചാലും വായിച്ചാലും തീരാ
ത്തൊരു പുസ്തകമാണ് ഗാന്ധിയപ്പൂപ്പന്റെ ജീവിതം.ആ പുസ്തകത്തിന്റെ
പുറം ചട്ട 'സത്യം ,അഹിംസ ,സത്യാഗ്രഹം ,'എന്നിവയാണ്.നിരവ
ധിപ്രവർത്തനങ്ങളാൽ മനുഷ്യമനസ്സിൽ ചേക്കേറിയ "എന്റെഗാന്ധിയപ്പൂപ്പൻ " സത്യത്തിന്റെയും
സ്നേഹത്തിന്റെയും മാതൃകയാണ്.

ദേവിക കെ പി

**8 E**

# എന്റെ കൊച്ചു ഗ്രാമം

മലയാള കരയിലെ കൊച്ചു ഗ്രാമത്തിൽ

വയലിൽ അരികിലാണെന്റെ വീട്

വയലും കനാലും നെൽപാടങ്ങളും

തളിരിട്ടും ആമ്പൽ പൊയികകളും

കൂട്ടുകാരോത്തുഞാൻ വയലിൽ കളിക്കവെ

ആരികത്തു തന്നുള്ള ചെളിവെള്ള ചാലിൽ

അറിയാതെ കാൽലവയഴതി വീണതും

അതുകണ്ട് കുട്ടുകാർ പൊട്ടിചിരിക്കവേ

അമ്മതൻ തൊഴിയും വഴക്കും ഓർത്തുഞാൻ

ചെളിവെള്ള കരയിലിരുന്നു കരഞ്ഞതും

മധുരമാം ഓർമ്മയായ് മനസ്സിൽ തെളിയവേ............

# BLUE AND THE MAGIC LAND



Oh! it's blue's! 16th birthday. Wow! Today there is a party. I got invitation to her home what shall i give to blue why don't you give her a doll. Yes that's a good idea! Come on let's dress up bye. We will meet her home ok bye. Grandma at her home watching all decoration and murmured something" wow it's time to send her".blue and her friend enjoyed. The birthday party. At night blue "wow I have got many gifts. Blue opens all gift box'' first off all a doll wow!......it is pretty oh this is mom's gift''wow it's a watch'' let me look papas''oh!''noo......books.this time uncle had given me a ''beautiful pen'' wow at last it's my grandma's gift "oh! It is different seems like make of day" "something is written on that it is our old language'' ''oh it is Blue''yes it's Blue. ''what is use of it'' it's time for bed i will watch this tomorrow suddenly a noise came what it is it's from library oh ! A beautiful book it's flying my key. "she ran and took the key it flew away to the book. The book is opened it is my picture. What a sword and me it's impossible ah is it a fancy dress competetion! Look look my picture is flying and now did oh there are lot of pictures of my grandma! Why are you here. "oh my girl it is time to go to magic world book suddenly woke up "ahh it was a good sleep oh grandma . Hi book take her away Blue:-cried and say what are you doing i will take you to the magical land Blue said grandma! Grandma:-good bye my blue she went to a dark land it is like a ghost house she look around it is full of darkness ah! why is it so dark around here book said it is all because of the dragon why did the dragon do that to u book said ah! it's along story i don't talk about it anymore blue said :- ok sorry why did u bring me here book said :- to kill the dragon and take the blue diamond blue:- kill the dragon no i shall not do book:- please "then a rabbit peep from it's burrow ,flowers peep from the soil then a queen came and said to blue please you are the only one who can save us Blue :-what do you mean .Queen:- it is because you are Blue . Blue:-no its not me find some one else. Please Blue please just save us *Blue :-ok i will what shall i do . Queen :-you must find the blue diamond. Blue:- were .Queen :-its with dragon. Blue:-how can i get it from dragon it is impossible. Queen:- no blue keep faith on you believe yourself blue .Blue:- ah!. Queen:-you will have to go to a cave dragons cave there are lot of scared things but we don't scare and don't shout if you don't shout they won't see you and then you*

*shall take that sword. Blue:-ok i will do that . Queen:-all are believing you you must go to the dragons cave then she saw scarthings  she didn’ t shouted and scared then she take the sword and killed the dragon the blue diamond give it to queen at last she came her bed and slept feetfully*

DEVANGANA

V-C

# മഴ

കാറ്റായി പെയ്തിങ്ങുന്ന

നി എത്ര സുന്ദരമാണ്

നിൻ തുള്ളിയായി ജീവ-

ദാഹം നൽകുന്ന മഴയായി -

സ്വപ്നങ്ങളായി-

മാറുന്നു-

മഴയെന്നവിശ്വാസം മനുജന്റെ

ജീവിതം.

ജീവന്റെ തുടിപ്പായി -

പെയ്തിറങ്ങുന്ന മഴയാണു

നീ..............

ദേവനന്ദ എസ് പ്രകാശ്

6-B

# ഡിജറ്റൽ പൂക്കളം

*സിയ ഷംസീർ പി കെ 9E*




**ആർഷ എകെ-10A**



ബിസോണ ബൈജു ബിഎസ് 10 C



നന്ദന ശ്രീജി എസ്-10 B



*നികിത ടി-10 B*



*അവന്തിക ബി എസ്-10 D*



# നിഴൽ

നീ പറഞ്ഞ കഥയിലെ

മധുനുകരും ശലഭമായ്.....

ഞാനുമീ പാതയിൽ നിന്നരികേ...

നീ പാടും പാട്ടിനോ

ചെറുപുഞ്ചിരിയേകുവാൻ.....

ഞാനുമീ തെന്നലായ്  നിന്റെ കൂടേ......

ഒരു നല്ല പുതുമഴയിൽ

അറിയാതുറങ്ങുമീ.....

നിന്നെ നോക്കും മാരിവിൽ ഞാനല്ലയോ? .......

നീ പൊഴിക്കും കണ്ണുനീർ

മധുരമാം കവിതയാക്കി

വിണ്ണിലേ ദേവതമാർ പാടിനിൽ പൂ .....

നീ പൊഴിക്കും പുഞ്ചിരിയോ........

ഒരു നല്ല തെന്നൽ പോൽ ...........

മണ്ണിനേ വർണ്ണമേറും സ്വർഗ്ഗമാക്കും ......

നീയാക്കും പൂമരത്തെ

അറിയാതെ നോക്കുമി .......

പാവമാം പൂമ്പൊടിയോ ഞാനല്ലയോ ?....

നീ എന്ന വാക്കിനുള്ളിൽ

അറിയാതൊളിച്ചിരിക്കും ........

എന്നെ നീ കണ്ടുവോ ഇന്നുവരേ...........*ആരതി . എം ,10 എ*

# സായഹനതീരം

നിലാവിനാൽ നെയ്ത രാത്രി
തന്നുടയാടയുടുക്കുവാൻ
ഒരു പകലിൽ ഞൊറി മെല്ലെ
അഴിച്ചു തുടങ്ങി സായാഹ്നം
കാറ്റിൻ ശ്രുതി മീട്ടിയൊഴുക്കും
നിന്റെ തീരത്തു നിൽക്കുന്നു ഞാൻ
നിനക്കാത്ത നേരത്തു
കണ്ടുമുട്ടി നാമറിയാത്തൊരത്മ ബ-
ന്ധത്തിൽ നിർവൃതിയിൽ
വേദന മാത്രമായി തീർന്നു
നമ്മുടെ ജീവിതമെങ്കിലും
എന്തിന് ദുഃഖ സാന്ദ്രമാക്കണമീ
നിമിഷം നിന്റെ ദുരിതങ്ങളെക്കുറിച്ചു
വാചാലരാകുന്നു
പാഠപുസ്തകങ്ങളും അധ്യാപകരും
നിന്റെ രക്ഷാ മാർഗ്ഗം തേടിപോയ
കുട്ടികൾ തൻ യാത്രയ്ക്ക് അന്ത്യം കുറിക്കുന്നു
പിന്നെ അവർ തന്നെ
മാലിന്യത്തിന്റെ റിത്തുമായി
എത്തുന്നു നിൻ അരികിൽ  ഭാവിയിൽ
അറിയുന്നു ഞാൻ നിന്റെ വ്യഥകളെല്ലാം
ദുരിതതിൻ വേനലിൽ വറ്റുന്നവർ നാം

എങ്കിലും എന്തിന് ദുംഖസാന്ദ്രമാകണമീ

ഈ നിമിഷങ്ങൾ വെറുതെ

മനസ്സിലെ ഹർഷങ്ങൾ മന്ദസ്മിതമായി

നിൻ തീരത്തെ തെന്നലിലയുന്ന

നേരം തിരികെ പോകുവാൻ

വിളിക്കുന്നെൻ സഹപാഠികൾ

പിരിയുവാൻ നേരമോ വന്നണഞ്ഞു.

തിരിച്ച നടക്കുന്ന നേരത്ത്

നിറഞ്ഞില്ല മിഴികൾ

ഭാരമൊഴിഞ്ഞ മനസ്സുമായി

ഞാൻ നടക്കേ ശാന്തമായ്

നീയൊഴുക്കി ദൂരേ................

സംവൃത പികെ

**6thB**

# അമ്മ



കാവലായ് നിന്നെന്നും പാടിയുറക്കി

നോവുള്ള സ്നേഹത്തായൽ പോറ്റിവളർത്തി

സന്തോഷമെല്ലാം നമുക്കായി നൽകി

കാലങ്ങൾ പോയതറിഞ്ഞിതേയില്ല !

എന്നിട്ടും അവരെ നാം നോവിച്ചിടുന്നു.

അവരോട് അടിപിടി കൂടുന്നു നമ്മൾ

വൃദ്ധസദനത്തിൽ തള്ളുന്നു നമ്മൾ

ഓർക്കുക കാലം കണക്കു ചോദിക്കും

ഓർക്കുക നമ്മൾക്കുമീയൊരു നാൾ വരും.




*നിരഞ്ജന*

*നിഖിൽ -5C*

# പാൽക്കാരിയുടെ കുറ്റബോധം

*ഒരു സുന്ദരമായ ഗ്രാമം. ആ ഗ്രാമത്തിലെ പാൽ വിൽപ്പനക്കാരി* ***തന്റെ പാലുമായി ഗ്രാമത്തിലേക്ക് ചെന്നു. അവിടെ നിന്ന് അവൻ നീട്ടി ഉറക്കെ വിളിച്ചു. പാൽ വേണോ? പാൽ വേണോ? എല്ലാവരും പാൽക്കാരിയുടെ ചുറ്റും കൂടി നിന്ന് പാൽ വാങ്ങി. ഇങ്ങനെ എല്ലാ ദിവസവും പാൽക്കാരി ഗ്രാമത്തിൽ*** *പോയി* **പാൽവിറ്റു. ഒരുദിവസംപാൽക്കാരി ആലോചിച്ചു. "എല്ലാവർക്കും ദിവസവും ഞാൻ പാൽ കൊടുക്കാറുണ്ട്. പക്ഷെ, ഇന്നു ഞാൻ വെള്ളം ഒഴിച്ച പാലാണ് ഗ്രാമത്തിലെ ജനങ്ങൾക്ക്കൊടുക്കാന്പോകുന്നത്." എല്ലാദിവസവും വെള്ളം ചേർത്ത പാൽ ജനങ്ങൾക്ക് കൊടുത്തു. ഒരു ദിവസം അവരുടെ അയൽക്കാരിയായ രമ വീട്ടിലേക്ക് ചെല്ലുമ്പോൾ പാലിൽ വെള്ളം ചേർക്കുന്നതുകണ്ടു. ഈ വിവരം ആളുകളിലൂടെ ജനങ്ങൾക്ക് മനസിലായി. പാൽക്കാരി ഗ്രാമത്തിലേക്ക് പോകുമ്പോൾ തന്റെ പാൽ വാങ്ങാതെ ജനങ്ങൾ പോകുന്നതുകണ്ടു. പാൽക്കാരി ഉറക്കെ നീട്ടി വിളിച്ചു. നിങ്ങൾക്ക് പാൽ വേണ്ടേ?. അപ്പോൾ ഒരാൾ പറഞ്ഞു- "ഞങ്ങൾക്ക് നിന്റെ വെള്ളം ചേർത്ത പാൽ വേണ്ട." ഇതു കേട്ട പാൽക്കാരി കുറ്റബോധം കൊണ്ട് തല താഴ്ത്തിപോയി.**

**നവീന മോഹൻ**

**6-B**

# അമ്മകിളിയും കുഞ്ഞികിളികളും

ഒരു കാട്ടിൽ  അമ്മകിളിയും മൂന്ന് കുഞ്ഞികിളികളും ഒരു വലിയ മരത്തിൽ താമസിച്ചിരുന്നു . അങ്ങനെയിരിക്കയാണ്  ഒരു ദിവസം കാട്ടു തീ പടർന്നത് . ആ കാട്ടിലുള്ള മൃഗങ്ങളും പക്ഷികളും എല്ലാം അവിടെ നിന്ന് പോയി . പക്ഷെ ഈ അമ്മകിളിക്കും കുഞ്ഞികിളിക്കും

അവിടെ നിന്ന് പറന്നുപോകാൻ സാധിച്ചിരുന്നില്ല . കാരണം കുഞ്ഞികിളികൾക്ക്  പറക്കാൻ സാധിക്കുമായിരുന്നില്ല കുഞ്ഞികിളികൾ അമ്മകിളിയോട് അവിടെ നിന്ന്  പോകാൻ പറഞ്ഞു . അമ്മകിളി മക്കളെ അവിടെയിട്ടിട്ട്  പോകില്ല എന്ന് പറഞ്ഞു . തീ അടുതെത്താറായി . അവസാനം കുഞ്ഞികിളികൾ അമ്മകിളിയെ അവിടെ നിന്ന് തള്ളി പറഞ്ഞയച്ചു . അങ്ങനെ ആ അഗ്നി കുഞ്ഞുങ്ങളെ വിഴുങ്ങുന്നതും കണ്ട് കരഞ്ഞ് കൊണ്ട് പറന്നു പോയി .അമ്മകിളി ഒറ്റയ്ക്കായി .

ഗൗരിനന്ദ .ബി

6-ബി

# ഒരു തണുത്ത വെള്ളപ്പാകാലം

തണുപ്പുകാലമെത്തി.റിഷിയും റിഷോണയും രാവിലെ ഉണർന്നു. സഹോദരങ്ങളാണെങ്കിലും അവർ തമ്മിൽ എപ്പോഴും വഴക്കാണ്.രണ്ടുപേരും ഉമ്മറത്തെ ചാരുകസേരയിലിരുന്നു.അമ്മ ഇരുവർക്കും ചൂടുകാപ്പി കൊടുത്തു.തണുപ്പാകാലത്ത് ചൂട് കാപ്പി കുടിക്കുന്നതിന്റെ സുഖം ഒന്നു വേറെ തന്നെയാ....റിഷി പറഞ്ഞു.അപ്പോഴാണ് ഒരു ശബ്ദം കേട്ടത്. ഛിൽ..ഛിൽ...ഛിൽ... എവിടെ നിന്നാണ്? റിഷോ ചോദിച്ചു. അതാ അവിടെ റിഷി മറുപടി പറഞ്ഞു.അവർ മുറിയിലേക്ക് ഓടി.ഓടുന്നതിനിടയിൽ റിഷിയുടെ കൈയിൽ നിന്ന് കാപ്പി പാത്രം താഴെ വീണ അണ്ണാൻ കുഞ്ഞിനെ കാണുവാനുള്ള ആകാംക്ഷയിൽ അവനതെല്ലാം മറന്നു. പാവം,അണ്ണാൻ.തണുത്തു വിറക്കുകയാണ്.അവർ കാര്യങ്ങൾ അമ്മയോട് പറഞ്ഞു.അമ്മ അതിന് പാൽ നൽകി. വിശപ്പുള്ളതുകൊണ്ട് അണ്ണാൻ മുഴുവൻ പാലും എടുത്തു സൂര്യൻ ഉദിച്ചപ്പോൾ അവർ അതിനെയും കൊണ്ട് നാട്ടുചുറ്റിക്കറങ്ങാൻ പോയി ഒരു ദിവസം അവർക്ക് അതിനെ നഷ്ടപ്പെടുകയുണ്ടായി. അവർ വിഷമിച്ചു.അപ്പോഴാണ് ഒരു അണ്ണാനെ തങ്ങളുടെ അണ്ണാനൊപ്പം കണ്ടത്.അവർ അതിറ്റകളെയും എടുത്ത് വീടിലേക്ക് മടങ്ങി.തന്റെ മക്കൾക്ക് മൃഗങ്ങളോടുള്ള സ്നേഹം അമ്മയ്ക്ക് ബോധ്യമായി.അമ്മ പറഞ്ഞു:മൃഗങ്ങളെ സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്യുന്നത് നല്ല കാര്യമാണ് അന്നു മുതൽക്കേ അവ മൃഗങ്ങളെ സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്തു.

**BY**

**ALKABINESH**

**6C**

# പ്രളയമഴ

കൊടുംവേനലിൽ

വറ്റിവരണ്ട കിണർ നോക്കി

ഞാൻ പ്രാർത്ഥിച്ചു........

ദൈവമേ ഇന്നെങ്കിലും

ഒരു മഴ പെയ്തെങ്കിൽ

എന്നാൽ ഇന്ന്

കേരളം മഹാപ്രളയത്തിൽ

മുങ്ങിതാഴുമ്പോൾ ഞാൻ

പ്രാർത്ഥിക്കുന്നു ഈ

മഴയൊന്നു തോർന്നെങ്കിൽ

ഇനിയെങ്കിലും നാം

പ്രകൃതിയെ സംരക്ഷിക്കൂ......

നമ്മുടെ നാടിന്റെ

നന്മയ്ക്കായ്............

**BY SHIVADA SHERIN 6C**

# കർഷകരുടെ സ്വപ്നം

കവി,ഗാനരചയിതാവ്,ചലച്ചിത്രസംവിധായകൻ എന്നീ നിലകളിൽ

പ്രശസ്തനായ ശ്രീ പി ഭാസ്കരൻ രചിച്ച ഞാറ്റുവേലപ്പൂക്കൾ എന്ന കവിത പ്രകൃതി

യെആസ്പദമാക്കിയാണ് രചിച്ചിട്ടുള്ളത് പ്രകൃതിയുമായി ഇണങ്ങി ജീവിക്കുന്ന ഒരാ

ൾക്കുമാത്രമെ ഇത്രയും നല്ല കവിത രചിക്കാൻ സാധിക്കുകയുള്ളൂ.കവിതയുടെ ശീർഷകം തന്നെ

കൃഷിയുമായി ബന്ധപ്പെട്ടിരിക്കുന്നു.ഞാറ്റുവേലയിൽ തുടങ്ങി ഇടവപ്പാ

തിയിലൂടെ ചിങ്ങമാസത്തിൽ വിളവെടുക്കുന്ന കൃഷിയുടെ രൂപാന്തരമാണ് ഇതിലൂ

ടെ കവി വ്യക്തമാക്കുന്നത്.ഞാറ്റുവേലയിൽ വിത്തുവിതച്ച് മുളച്ചചെടിയിൽ വിരി

ഞ്ഞ പുഷ്പ്പത്തെ കന്യകമാരായി കവി ഉപമിക്കുന്നു.മത്തനും പടവലവും കുമ്പളവും

മറ്റും നമുക്ക് ഭക്ഷ്യയോഗ്യമായ പച്ചക്കറികളാണ്.അവ അവയുടെ പൂവിൽ നിന്നാ

ണ് ഉണ്ടാകുന്നത്.അതുകൊണ്ടുതന്നെ മത്തന്റെയും പടവലത്തിന്റെയും കുമ്പളത്തി

ന്റെയും ചെടിയിൽ പുഷ്പങ്ങളുണ്ടാകുമ്പോൾ കവി മനസ്സ് സന്തോഷിക്കുന്നു.ഞാറ്റുവേ

ലയുടെ സർവ്വസന്തോഷങ്ങളും നശിപ്പിച്ചുകൊണ്ട് ഇടവപ്പാതി എത്തിച്ചേരും.ഇടവ

പ്പാതിയിൽ കരിമേഘത്തിൽ നിന്നും പെരുമഴ പെയ്യുമ്പാൾ വെള്ളപ്പൊക്കം വന്നുചേരുന്നു.ഇതിനെ

പൊത്തിൽനിന്നിറങ്ങിവന്ന രാജവെമ്പാലപ്പാമ്പുമായി ക

വി ഉപമിക്കുന്നു.പാമ്പ് നമ്മെ ചുറ്റി, അവയവങ്ങളിൽ കൊത്തി,നമ്മുടെ സപ്തനാ

ഡിയും മരിച്ചതിന് തുല്യമാക്കുന്നു.ഇതുപോലെ വെള്ളപ്പൊക്കം നമ്മുടെ നാടിനെ നശിപ്പിക്കുന്നു.മഴയിൽ

പല ചെടികളും നശിച്ചുപോയിട്ടുണ്ടാവും.ഞാറ്റുവേലയിൽ കൃ

ഷി ചെയ്യാൻ കർഷകർ കയ്യിലുള്ള പണമെല്ലാം ഉപയോഗിക്കും.ഇടവപ്പാതിയിൽ

ചെടികളെല്ലാം മരിച്ചതിനുസമമായി കിടക്കുമ്പോൾ അവർ ദു:ഖിക്കുന്നു.

പിന്നീടവരുടെ വീട്ടിൽ പട്ടിണിയായിരിക്കും.ഒന്നും ചെയ്യാനില്ലാതെ അവർ

നിരുൽസാഹപ്പെടും.അപ്പോഴേക്കും ചിങ്ങമാസം വരവാകും.കർഷകരുടെ മനസ്സിൽ

പ്രതീക്ഷയുടെ നാമ്പുണരും.നാളെ സമൃതിയുണ്ടാകുമെന്ന സ്വർഗീയമായ വാഗ്ദാന

ങ്ങളേകി,നിഷബ്ദമായി ഉദ്ഘോഷിച്ചുകൊണ്ട് വീണ്ടും ചെടികളിൽ പൂക്കൾ വിട

രും.മുല്ലയും റോസും മന്ദാരവും മറ്റും വളരെ മനോഹരമായ പൂക്കളാണ്.ഇവയെ കാണാൻ നല്ല

ഭംഗിയും,നല്ല സുഗന്ധവും ഇവർക്കുണ്ടാകും,എന്നാൽ പുതിയൊരു തലമുറയ്ക്ക് ജന്മം നൽകാൻ

അവർക്ക് സാധിക്കില്ല.അതുകൊണ്ട് തന്നെ മത്തന്റെയും

പടവലത്തിന്റെയും കുമ്പളത്തിന്റെയും പൂക്കളെ കാണുമ്പോൾ റോസിന്റെയും മുല്ലയുടേയും

മന്ദാരത്തിന്റേയും ശോഭ മങ്ങുന്നു.സന്താനമില്ലാത്തതിന്റെ ദു:ഖം അനുഭ

വിക്കുന്ന മണ്ണിന്,ആ പൂക്കൾ ഒരു ഉണ്ണിക്കനിയെ ഗർഭം പൂണ്ട് പ്രസവിച്ചുകൊടുക്കു

ന്നു.അതായത് അവയിൽ ഫലങ്ങൾ കായ്ക്കുന്നു.കാറ്റ് ആ കുഞ്ഞുങ്ങൾക്ക് തൊട്ടിലാ

ട്ടിക്കൊടുക്കുന്നു.പുതിയൊരു കുട്ടിക്ക് ജന്മം നൽകിയ പുഷ്പ്പങ്ങൾ സന്തോഷത്തോ

ടെ കിടക്കും.ആ പുഷ്പങ്ങളെ ശുശ്രൂഷിക്കാൻ നിലാവ് ഉറക്കമൊഴിച്ച് നിൽക്കും.അ

പ്പോൾപുഷ്പങ്ങൾക്ക്കാവലായിനിലാവിനോടൊപ്പം കവിയുടെ മനസ്സുമുണ്ടാകണമെ

ന്ന് കവി പറയുന്നു.

ഈ കവിതയിലൂടെ എന്തൊക്കെ സംഭവിച്ചാലും പ്രതീക്ഷ കൈ

വിടരുതെന്ന മഹത്തായ സന്ദേശമാണ് കവി നൽകുന്നത്.ഇന്നത്തെ കാലത്ത് എന്തെങ്കിലും

സംഭവിച്ചാൽ നാം ഉടനെ ആത്മഹത്യ ചെയ്യാനാണ് ഒരുങ്ങുക.എ

ന്നാൽ ഇനി വരാനിരിക്കുന്ന സന്തോഷത്തെക്കുറിച്ച് ഓർക്കുന്നില്ല.എന്നാൽ കർഷക

രാകട്ടെ ഇടവപ്പാതിയിൽ കൃഷിനാശത്തിന്റെ വക്കത്തെത്തിയിട്ടും പ്രതീക്ഷ കൈ

വിടാതെ ചിങ്ങമാസത്തിനുവേണ്ടി കാത്തിരിക്കുന്നു.എന്തൊക്കെ സംഭവിച്ചാലും

നാം നിരുൽസാഹപ്പെടരുത്, പ്രതീക്ഷയോടെ കാത്തിരിക്കണം.ഈ കവിതയു

ടെ ആശയം തന്നെയാണ് ശ്രീ അയ്യപ്പപ്പണിക്കരുടെ പൂക്കാതിരിക്കാനെനിക്കാവ

തില്ലേ എന്ന കവിതയും പങ്കുവയ്ക്കുന്നത്.ഈ കവിതയിൽ ദ്വിതീയക്ഷരപ്രാസമാണ്

ഉപയോഗിച്ചിരിക്കുന്നത്.ധാരാളം പ്രയോഗഭംഗികളും ആവർത്തനഭംഗികളും ചേർ

ത്ത് കവിതയ്ക്ക് ആലാപനഭംഗിയേകുവാൻ കവി പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്.ഈ കവിതയിലെ

"എല്ലുപൊന്തിയ ചെറ്റക്കുടിലിൻ ചലിപ്പായി-

ല്ലില്ലായ്മ കിനാക്കണ്ടു കൃഷിക്കാർ കിടന്നപ്പോൾ"

എന്ന വരിയാണ് എനിക്ക് ഏറെ ഇഷ്ടപ്പെട്ടത്.കാരണം പട്ടിണിയെ കവി അതിമനോഹരമായിവർണ്ണിച്ചിരിക്കുന്നു.പട്ടിണിയെ കാണിക്കാൻ അദ്ദേഹം ഉപയോഗിച്ച പ്രയോഗം എന്നെ വിസ്മയപ്പെടുത്തി.ചെടികളൊക്കെ പൂക്കുന്നതും കായ്ക്കുന്നതും കാണാൻ മണ്ണും മനുഷ്യനും പ്രതീക്ഷയോടെ കാത്തുനിൽക്കുന്ന അതിമനോഹരമായ ചിത്രമാണ് ഈ കവിതയിലൂടെ കവി ആവിഷ്കരിക്കുന്നത്.ഓരോ മനുഷ്യനേയും പ്രചോദിപ്പിക്കുന്ന നല്ലൊരു കവിതയാണ് "ഞാറ്റുവേലപ്പൂക്കൾ."

ലാവണ്യ ആർ

**7-A**

# പ്രളയം

കൊണ്ടു പോയി കൊണ്ടു പോയി

എല്ലാമെല്ലാം കൊണ്ടു പോയി

ഒന്നുമ്മില്ലിവിടെയിനി ബാക്കിയായി

വീടും മലയും പുഴയും കൊണ്ടുപോയി

ജീവനേയും  കൊണ്ടുപോയി

പ്രളയം വന്നുപോയി

കേരളത്തിന്നഥിതിയായി..............

ആശ്മിയ എസ് ആർ -6 B

# സംരക്ഷിക്കാം പ്രകൃതിയെ

ദൈവം നമ്മുക്ക് നൽക്കിയ അനുഗ്രഹമാണ്

പ്രകൃതി.ശസിക്കാനുള്ള ശുദ്ധമായ വായുവും ശുദ്ധമായ ജലവും പ്രകൃതിയിൽ നിന്ന് നമ്മുക്ക് ലഭിക്കുന്നു.പ്രകൃതിയെ സംരക്ഷിക്കാൻ വേണ്ടി നാം ചിലവഴിക്കണം.പ്രകൃതിയെ സംരക്ഷിക്കാൻ വേണ്ടി നാം പ്രവൃത്തിക്കണം.പ്രകൃതിയെ നാം മലിമാക്കരുത്.

പ്രകൃതിയെ മലിനമാക്കുന്ന വസതുവും നാം നിരോധിക്കണം.പ്രകൃതിയിൽ നിന്ന് നമ്മുക്ക് നല്ലതെ ലഭിക്കുന്നുള്ളു.പക്ഷെ നാം പ്രകൃതിയെ മലിനക്കുകയാണ് ചെയ്യുന്നത്.നാം പ്രകൃതിയെ മലിനമാക്കുന്നത് അവസാനിപ്പിക്കണം.പ്രകൃതിയിൽ നിന്ന് ലഭിക്കുന്ന ശുദ്ധമായ വാഴുവും,ജലവും നാം ഉപയോഗിക്കുണ്ടെങ്കിൽ പിന്നെ എന്ത് കൊണ്ട് പ്രകൃതിയെ നമ്മുക്ക് സംരക്ഷിച്ചു കൂടാ? പ്രകൃതിയെ സംരക്ഷികേണ്ടത് നാം ഓരോരുത്തരുടേയും ഉത്തരവാദിത്യമാണ്.പ്രകൃതിക്ക് വേണ്ടി നാം പോരാടണം

എന്ന്

സിദറത്തുൽമുംത്തഹ

ക്ലാസ് 5

# LAKE TIME



*SAND BETWEEN MY TOES*
*ONLY THE WATER KNOWS*
*WHERE THE FISH GO*
*FOR I DON'T KNOW*
*BOATS ARE DASHING*
*CHILDREN ARE SPLASHING*
*UNDER A BLUE SKY*
*WORRIES SAY GOODBYE*
*SAND BETWEEN MY TOES*
*THE WHOLE WORLD KNOWS*
*LET IT BE SO*
*TO THE LAKE WE GO*

*-zia mehka -6 B*

# ഡിജിറ്റൽ പെയിറ്റിഗ്

**ഗോപിക എ-10**





# എന്റെ അവധിക്കാലം

ചക്കരമാവിൽ ഊഞ്ഞാലിലാടി-
യൊരു അവധിക്കാലം
കണ്ണാരം പൊത്തിക്കളിച്ചും
നാട്ടു മാഞ്ചോട്ടിലിരുന്നും
കളിയായ് വന്നൊരവധിക്കാലം
മഴയായ് പൂവായ്
എന്റെ മുൻപിൽ ഒളിച്ചു-
കളിച്ചൊരവധിക്കാലം.
എന്റെ അവധിക്കാലം.

-ദിയ എസ് ബിജു

**5-c**

# പെണ്ണ്

വർദ്ധിതകാന്തിയിൽ നിന്നെ

അലഞ്ഞിരുന്നു പെണ്ണവൾ

ജന്മജന്മാന്തരം

തെക്കേപടിഞ്ഞാറെ അടുക്കള-

തിണ്ണയിലെ നായികയവൾ

നരത്തിനിറയത്ത്

സങ്കുചിതലോകത്തിൽ

തിളയ്ക്കുന്ന ചോരയാണവൾ

വെന്തപകലിന്റെ പ്രസ്ഥതലോകത്തിൽ

വിയർപ്പുതുള്ളികൾ കരുണാർദ്രതയോടെ

ഇന്നും  ധരണിയിൽ ഇറ്റിവീഴുന്നു .

കുഴിരുതുകുന്ന ഒറ്റവെട്ടത്തിന്

മാപ്പ്പറഞ്ഞവൾ പെണ്ണ്

- ശ്രീ ലക്ഷ്മി . ആർ

8.d

# അധ്യപിക

ആകാശവീഥിയിൽ ചാലിച്ചുചാർത്തിയ

ഏഴുവർണ്ണങ്ങൾ എൻ അധ്യാപിക

അറിയാതെ കോരിത്തരിക്കുന്നീ

ഹർഷത്തിൽ അനുഭൂതിയേകക്കുന്ന

തെന്നലായി ഞാൻ അറിവിന്റെ

നിറകുടം തന്നു നീ.......

അക്ഷരങ്ങൾ കോർത്തിണക്കി

വാക്കുകളെൻ ആത്മാവിൽ

പങ്കുവച്ചു.

-ശ്രീലക്ഷമി ആർ

**8D**

# പ്രളയം ഒരു കവിത

മല  ചുരത്തിയ നീരുറവകൾ അണകൾ

കെട്ടി  അടച്ചു  നാം

പുഴയൊഴുകിയ  വഴികളൊക്കെയും

അതിരുകല്ലുകൾ പാകി  നാം

കുന്നിടിച്ചു നിരത്തി നാം പുഴകളൊക്കെ നികത്തി നാം

പണിതുകൂട്ടി  രമ്യഹർണം  കൃഷിനിലങ്ങൾ

കൊത്തി നാം

മല ചുരത്തിയ നീരുറവകൾ അണകൾ

കെട്ടി അടച്ചു നാം

പുഴയൊഴുകിയ വഴികളൊക്കെയും അതിരുകല്ലുകൾ

പാകി  നാം

അതിരുകല്ലുകൾ  പാകി  നാം..........

നിരഞ്ജന.എ.വി

*6-  ബി*

# എൻ സ്വപ്നം

ഞാനൊരു കോഴിക്കുഞ്ഞാ

ണെങ്കിൽ തത്തി തത്തി

നടന്നേനെ

കൊത്തി കൊത്തി തിന്നേനെ.

ഞാനൊരു മയിൽക്കുഞ്ഞാ

ണെങ്കിൽ നൃത്തം വച്ചു

നടന്നേനെ പീലി വിടറ്ത്തി

കളിച്ചേനെ... ഞാനൊരു

ശലഭക്കുഞ്ഞാണെൽ

പാറി പാറി നടന്നേനെ..

തേൻ കുടിച്ചു രസിച്ചേനേ

തൻമയ.കെ

5 ഡി

# പ്രളയം

പ്രളയം,ജനനിതൻ മറ്റു പിളർന്നെത്തിയീ

പ്രളയം നോവിൻ വറ്റാത്ത കണ്ണീരായ്

എങ്കിലും ഒരു മെയ്യായ് ഒരു മനമായ്

ഒരേ വികാരമായ് താങ്ങിയെൻ ഭൂമിയെ

കണ്ണീർ തോർന്നെന്നി മാനം തെളിഞ്ഞെന്നി

മുറിവുക ഓരോന്നായി ഉണക്കീടേണം

കൈ കോർക്ക സോദരേ നിങ്ങളും,ഒരുമിച്ച്

ഉയർത്തെഴുനേൽപ്പിക്കാം നമ്മുടെ നാടിനെ

- അനന്യ പി പി

# അമ്മ

പാതി രാത്രിയുടെ നിശബ്ദദയിൽ മയങ്ങുന്ന ഭഗീരതി അമ്മയെ എന്തോ ഒന്ന് തോട്ടുയർത്തി. അവൾ ഉണർന്ന് കട്ടിലിലിരുന്നു ഒന്നു നിശ്വസിച്ചു. അവളുടെ കണ്ണുകൾ നിറഞ്ഞു. അവൾ ഓർണ്ണയിലേക്കോടി.ആ ഓണക്കാലം മക്കളും മരുമക്കളും പേരമക്കളും അങ്ങനെ വീടാകെ ഓടിനടന്ന് പൂക്കൾ ശേഖരിച്ചു.മരുമകൾ പൂക്കളമിട്ട്.ഞാനും മക്കളും പാട്ടുകൾ പാടി. എല്ലാവരും സദ്യയുണ്ടു.ഓണകളികൾ കളിച്ചു.ഓർമ്മകളിൽ നിന്നും ഉണർന്ന ഭഗീരതി പൊട്ടിക്കരഞ്ഞു.പെട്ടെന്ന് ആ മുറിയിൽ പ്രകാശം പടർന്നു.കുറേ വൃദ്ദകൾ ദഗീരതിയുടെ അടുത്തു വന്ന് ആശ്വസിപ്പിച്ചു. അവരിലൊരാൾ പറഞ്ഞു.”സാരമില്ല ഭഗീരതി നീ ഇന്നലെ വന്നതല്ലെയുള്ളു പതിയെ എല്ലാം ശരിയായിക്കൊള്ളും.നമുക്ക് എന്ത് ചെയ്യാൻ പറ്റും നമ്മൾ കഷ്ട്പ്പെട്ട് വളർത്തിയിട്ട് നമ്മളെ അവർക്ക് വേണ്ട". ആ വൃദ്ധ ഒന്ന് നിശ്വസിച്ചു.പെട്ടെന്ന് ഫോണ് ബെല്ലടിക്കുന്ന ശബ്ദം കേട്ടു. ആവേഷത്തോടെ ഭഗീരതി എഴുന്നെറ്റ് നിന്ന് കൊണ്ട് പറഞ്ഞു:”എന്റെ മകൻ എന്റെ മകനായിരിക്കും എനിക്കറിയാം.അവൻ എന്നെ വിളിക്കുമെന്ന്". ഇത്രയും പറഞ്ഞ് കൊണ്ട് അവൾ ഓടിപ്പോയി ഫോൺ എടുത്തു. അവളുടെ മുഖം മ്ലാനമായി. അത് മറ്റാർക്കൊ വന്ന കോളായിരുന്നു. അവളുടെ കണ്ണുകളിൽ നിന്ന് കണ്ണീർ ധാരയായി ഒഴുകി. ആ മുറിയിൽ നിശബ്ദത പടർന്നു. ചില അമ്മമാരുടെ തേങ്ങലുകൾ.

സയീദ ഷിറിൻ.എ **8 C**

# ഭാരത ഭൂമി

*ഭാരത ഭൂമിയിതാണാല്ലോ*

എന്നെ പെറ്റൊരു നാടല്ലോ

ഇവിടെ ജനിച്ചതിലഭിമാനം

എന്നോടൊപ്പം വളരുന്നു

ഈ നാടിന്റെ മണമാണു

എന്നുടെ ജീവ ഞരമ്പുകളിൽ

എന്നും ഒഴുകും ചുടുരക്തം

ഈ നാടിന്റെ ഭിവൃദ്ധിക്കായ്

ഈ നാടിന്റെ കൃഷ്ടയ്ക്കായ്

ജീവൻ വെടിയാനയാലും

മുന്നോട്ടോടി വരും ഞാനും

സെൻഹമറിയം.എ.വി

**VI C**

# ഭൂമി എന്ന മാതാവ്



ഭൂമിയാണെന്റെ മാതാവ്....

ഭൂമിയാണെന്റെ രക്ഷകൻ.

മഴയിൽ എനിക്കഭയം തരും,

വെയിലിവൽ എനിക്കു തണലും തരും.

ഭൂമിയാണെന്റെ മാതാവ്.,

എന്നും എന്നെ കാത്തുരക്ഷിക്കും

എന്റെ പ്രിയ മാതാവ്

മണ്ണിൽ കിടക്കുമ്പോൾ..

എന്നെതലോടും..

മരത്തിൽ കിടക്കുമ്പോൾ,

എനിക്കു തണലുംതരും...

ഭൂമിയാണ്,

ഭൂമിയാണെന്റെ മാതാവ്..

എന്റെ പ്രിയ മാതാവ്....

-അനനന്ദ.കെ

# BOUNDARIES OF INDIA

**India is blessed with natural boundaries. Almost 3/4 of the country is surrounded by Indian ocean. The great Himalayas stand like a natural for at the north. The countries having common boundaries with India are Pakistan ,China, Bhutan, Myanmar,and Bangladesh. South east side of the Indian ocean Arabian sea. At the southern north , Gulf of Mannar and palk strait of sri lanka. The northern most strait of India is kashmir and southern most state is Tamil Nadu. Southmost part of India is Indira point at Nicobar island.**

**Anviya Binu P. T**

# HELPING HANDS



**Once upon a time there lived a poor beggar. He had no food to eat. One day he went near a**
**school. All children were eating different food items. He asked to a boy "will you please give me some food".boy**
**replied "no, go away what a dirty person".**
**He begged to a group of people sitting on the desk to give some food. the children get angry and they beat him and tied with a piece of cloth. He cryied loudly. Two girls passed through that way, but they don't mind. At that time a student saw that beggar. She removed**
**that cloth on the hand of beggar. she asked**
**'what happened to you?.he replied,**
**"l asked for some food  the students of that school for many times, then they tied me with**
**this cloth"he started to cry. Don't worry l will give you some food to eat 'she said'.**
**Beggar was very happy .**
**'HELPING HANDS ARE GODS HAND'**
**"HELP EVER , HURT NEVER"**

**BY DEVIKA.S 5 A**

# മഴതൻ മുഖങ്ങൾ

അപ്പൂപ്പൻതാടി പോലുള്ളൊരു

മേഘങ്ങൾക്കിടയിലൂടെ

മഞ്ഞുപോലെ പൊഴിയുന്ന മഴയെ

എൻ മനസിലിടം നേടീ നീ

എരിയുന്ന മനസിലെ തീയണക്കാൻ

കത്തുന്ന വെയിലിന്റെ ചൂടകറ്റാൻ

ഇടിയായി മഴയായി കാറ്റായ് തണുപ്പായ്

മനം കുളിർപ്പിച്ച പെയ്യുന്ന മഴയെ

പ്രകൃതിതൻ സാന്ദ്രലിതമോഹങ്ങളുടെ

മാനവൻ ചൂഷണം ചെയ്തീടുമ്പോൾ

രൗദ്രഭാവിയായി പേമാരിയായ്

വന്നു ഭവിച്ചു നീ കാലനായ്

കുന്നുകൾ വയലുകൾ മലനിരകൾ

തട്ടിനിരത്തി നാം മാനവന്മാർ

ഈ രമ്യമനോഹരമായ

ഭുവിനെ പ്രളയമായി നീ ഒന്നൊന്നായ്

തിരികെയെടുത്തിടുന്നു

മാനവന്മാരുടെ ജീവനു വിലയില്ല.

അനീറ്റ വി

7 A

# മീനുവിന്റെ എടുത്തുചാട്ടം

- കുട്ടിക്കഥ -

*മീനുവിന്റെ വീട്ടിന്റെ തൊട്ടടുത്ത് തന്നെ വലിയ ഒരു കാടുണ്ടായിരുന്നു. ആവിടെ ഒരുപാട് മൃ ഗങ്ങളുണ്ടായിരുന്നു.*പക്ഷേ അവൾ അനുസരിക്കാതെ ഒരു ഭംഗിയായ മയിലിനെ കണ്ടപ്പോൾ ആ കാട്ടിനുള്ളിലേക്ക് പോയി.അവിടെ അവൾ ഒരു കടുവയെ കണ്ടു.അവൾ പേടിച്ചു വിറച്ചു.അവൾ അമ്മയുടെ അടുത്തേക്ക് ഓടി.

**ADHYA C E**
**6 B**

# ഡിജിറ്റൽ പെയിന്റിങ്ങ്

## നന്ദന ജി-10



# നിശാഗന്ധി

*നിശതൻ  സൗന്ദര്യം ആകുന്ന പൂവേ......*

നിനക്കീ വെണ്മയാലും

സുഗന്ധം ആരു തന്നു

രാത്രിയെ പ്രണയിച്ച  നിശാഗന്ധി

നീയൊകരു ദേവസ്ത്രീയാകാത്തതെങ്ങനെ

നിൻ വെണ്മ കണ്ട് ഞാൻ സംശയിക്കുന്നു

നിൻ അമ്മയാണോ നിലാനെന്ന് സുന്ദരീ.....

നിൻ ചൈത്രമാം മുഖബിംബം

രാത്രിയെ ഏറെ സുന്ദരനാക്കുന്നു.........

ദേവാഞ്ജന സി

# ഓണം വന്നേ...

—-കുട്ടികവിത

ഓണം വന്നേ....ഓണം വന്നേ....

പൂക്കളമിടേണ്ടെ  കൊച്ചനിയ്യാ

മാവേലിതമ്പ്രാനെ വിരുന്നൊരുക്കാൻ

പൂക്കളമിടണ്ടെ കൊച്ചനിയ്യാ

ഓണക്കോടിയുമാമിട്ടൊരുങ്ങി

പൂക്കൾപ്പറിക്കാൻ പോകണ്ടേ

തുമ്പപ്പൂവും തെച്ചിപ്പൂവും

നമ്മളെക്കൊത്തിരിപ്പുണ്ടെ....

ഓണ സദ്യക്കഴിക്കേണ്ട

ഓണക്കളികൾ കളിക്കേണ്ടെ

പുലിക്കളിക്കാണാൻപ്പോകേണ്ടെ

വടം വലിക്കാണാൻപ്പോകേണ്ടെ

വാവാ വാവാ കൊച്ചനിയാ

മാവേലിതമ്പ്രാൻ നമ്മളെക്കാത്തിരിപ്പുണ്ടേ............

നിരഞ്ജനാ ഉദയ്

പിഞ്ചോമനമകൾ

എന്തിനു  മനുഷ്യാ  നീ പിഞ്ചോമനമകളോട്

ഈ ക്രൂരത ചെയ്തത്.

നീ ഒരമ്മയുടെ ഉദരത്തിൽ പിറന്നതല്ലേ.....

നിൻ കൈ  വിറച്ചില്ലേ......

നിൻ കാൽ തളർന്നില്ലേ.....

പെറ്റമ്മതൻ വാക്കുകൾ എടുകാതെ...

നിയമ്മങ്ങൾ നിന്നെ ശിക്ഷിച്ചതില്ലലോ....

ഇനിയുള്ള പിഞ്ചോമനമക്കൾക്ക്...

എങ്കിലും നിൻ മൃഗത്തിൻ കൈ വെട്ടുവാൻ....

ശക്തിനൽകട്ടെ.....................

പിന്നിട് നിൻ മൃഗത്തിൻ

കൈ പിഞ്ചോമനമക്കൾക്ക്

നേരേ ഉയരാതിരിക്കട്ടെ..........

പാർവതി

# തവളയുടെ അനുസരണക്കേട്

ഒരിടത്ത് കാർത്തു എന്നു പേരുള്ള തവളയും അതിന്റെ കുഞ്ഞും താമസിച്ചിരുന്നു. അങ്ങനെയിരിക്കെ വേനൽക്കാലം വന്നു. പുഴയെല്ലാം വറ്റിതുടങ്ങി. തവളകുഞ്ഞും അമ്മതവളയും വെള്ളം തേടി പോയി. അവർ ഒരു കുളം കണ്ടു. നിറയെ വെള്ളമുള്ള ഒരു സുന്ദരമായ ആ കുളം കണ്ട് അമ്മ തവളയ്ക്ക് അതിൽ താമസിക്കാൻ ഒരു ആഗ്രഹം തോന്നി.എന്നാൽ അങ്ങ് ദൂരെ നിന്ന് ഒരു കൊക്ക് മുത്തശ്ശൻ ഇതെല്ലാം കാണുന്നുണ്ടായിരുന്നു.മുത്തശ്ശൻ കൊക്ക് പറഞ്ഞു.

“ഏയ് തവളെ ഒന്ന് നിന്നെ.നീ അതിൽ താമസിക്കരുത്.ഇതിൽ ഒരു വിഷപാമ്പ് ജീവിക്കുന്നു.നീ അതിൽ ഇറങ്ങിയാൽ അത് നിന്നെ തിന്നും.”

കൊക്കിന്റെ വാക്ക് ധിക്കരിച്ച് തവളയും കുഞ്ഞും അതിൽ ചാടി. ചാടിയതും അവരുടെ കഥ കഴിഞ്ഞു.

ഗുണപാഠം:മുതിർന്നവർ പറയുന്നത് അനുസരിക്കുക.

ആര്യ വിനോദ്

**7 B**

# ചിത്രങ്ങൾ-AVANI K-7 B









# ഒരു തണുത്ത വെള്ളപ്പാകാലം

*തണുപ്പുകാലമെത്തി.റിഷിയും റിഷോണയും രാവിലെ ഉണർന്നു. സഹോദരങ്ങളാണെങ്കിലും അവർ തമ്മിൽ എപ്പോഴും വഴക്കാണ്.രണ്ടുപേരും ഉമ്മറത്തെ ചാരുകസേരയിലിരുന്നു.അമ്മ ഇരുവർക്കും ചൂടുകാപ്പി കൊടുത്തു.തണുപ്പാകാലത്ത് ചൂട് കാപ്പി കുടിക്കുന്നതിന്റെ സുഖം ഒന്നു വേറെ തന്നെയാ....റിഷി പറഞ്ഞു.അപ്പോഴാണ് ഒരു ശബ്ദം കേട്ടത്. ചിൽ..ചിൽ...ചിൽ... എവിടെ നിന്നാണ് ? റിഷോ ചോദിച്ചു. അതാ അവിടെ റിഷി മറുപടി പറഞ്ഞു.അവർ മുറിയിലേക്ക് ഓടി.ഓടുന്നതിനിടയിൽ റിഷിയുടെ കൈയിൽ നിന്ന് കാപ്പി പാത്രം താഴെ വീണ അണ്ണാൻ കുഞ്ഞിനെ കാണുവാനുള്ള ആകാംക്ഷയിൽ അവനതെല്ലാം മറന്നു. പാവം,അണ്ണാൻ.തണുത്തു വിറക്കുകയാണ്.അവർ കാര്യങ്ങൾ അമ്മയോട് പറഞ്ഞു.അമ്മ അതിന് പാൽ നൽകി. വിശപ്പുള്ളതുകൊണ്ട് അണ്ണാൻ മുഴുവൻ പാലും എടുത്തു സൂര്യൻ ഉദിച്ചപ്പോൾ അവർ അതിനെയും കൊണ്ട് നാടുചുറ്റിക്കറങ്ങാൻ പോയി ഒരു ദിവസം അവർക്ക് അതിനെ നഷ്ടപ്പെടുകയുണ്ടായി. അവർ വിഷമിച്ചു.അപ്പോഴാണ് ഒരു അണ്ണാനെ തങ്ങളുടെ അണ്ണാനൊപ്പം കണ്ടത്.അവർ അതിറ്റകളെയും എടുത്ത് വീടിലേക്ക് മടങ്ങി.തന്റെ മക്കൾക്ക് മൃഗങ്ങളോടുള്ള സ്നേഹം അമ്മയ്ക്ക് ബോധ്യമായി.അമ്മ പറഞ്ഞു:മൃഗങ്ങളെ സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്യുന്നത് നല്ല കാര്യമാണ് അന്നു മുതൽക്കേ അവ മൃഗങ്ങളെ സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്യുതു.*

*BY*

*ALKA BINESH*

*6C*

# വിഷമം

തേന്നൂറും പൂമൊട്ടുകൾ നുകരുന്ന
തേൻ വണ്ടുകളുടെ
ഉൾമനസ്സിന്റെ ഉൾഭിത്തിയിൽ
ഉണ്ട് ഒരാത്മാവിന്റെ   അലപൊട്ടുന്ന
വിഷമം
തൻ മന്താരമെവിടെ ? തൻ പനിനീരെവിടെ?
തൻ മുല്ലയെവിടെ മർത്യ.......
നീ നശിപ്പിച്ചുവോ എൻ മനസിന്റെ
ഏക ആശ്വാസദീപങ്ങളെ

ആഗതകൃഷ്ണ എൻ സി എച്ച്
9 D

# തിളങ്ങുന്ന രത്നം

ഒരു ദരിദ്ര കുടുംബമാണ് രാമുവിന്റേത്.അമ്മ മാത്രമായിരുന്നു അവന്റെ ഏക ആശ്രയം.അച്ഛൻ അവൻ ജനിക്കുന്നതിനു മുൻപേ മരിച്ചിരുന്നു.ആ ദു:ഖത്തിൽ നിന്ന് ആ അമ്മ കരകേറിയത് അവന്റെ ജനനത്തോടെയാണ്.പക്ഷേ,അമ്മയുടെ മനസിൽ എന്നും ആ മുഖം നിറഞ്ഞിരുന്നു.പക്ഷേ, ആ ദു:ഖമൊന്നും അമ്മ അവനെ അറിയിച്ച് ഇന്നേവരെ വേദനിപ്പിച്ചിട്ടില്ല.തന്റെ  കഷ്ടപ്പാടുകളൊന്നും മകനറിയരുത് എന്നത് ആ അമ്മയ്ക്ക് നിർബന്ധമായിരുന്നു.ഇതൊക്കെ അവൻ അറിഞ്ഞാൽ അവന്റെ പഠിപ്പ് എന്നന്നേക്കുമായി ഇല്ലാതാകുമെന്നും, അവൻ പഠിച്ച് വലിയൊരു ഡോക്ടറാകണമെന്നുമായിരുന്നു അമ്മയുടെ ആഗ്രഹം.അതുകൊണ്ട് തന്നെ അമ്മ മകനെ ഒന്നും അറിയിച്ചിരുന്നില്ല.ഇതൊന്നുമറിയാതെ രാമു അവന്റെ ഇഷ്ടത്തിനനുസരിച്ച് നടന്നു.

അങ്ങനെയിരിക്കെ അവന്റെ വിദ്യാലയത്തിൽ നിന്ന് ഒരു വിനോദയാത്ര പോകുന്നുണ്ടെന്നും അതിന് പണം ആവശ്യമാണെന്നും അവൻ ഉൽസാഹത്തോടെ തുള്ളിച്ചാടി അമ്മയുടെ അടുക്കൽ വന്ന് പറഞ്ഞു.പക്ഷേ, അമ്മ തന്റെ മകനെ താൻ എങ്ങനെ വിനോദയാത്രയ്ക്ക് പറഞ്ഞയയ്ക്കുമെന്നുള്ള വേദനയും മനസിൽ വച്ച് പുറമെ ചെറുപുഞ്ചിരിയോടെ പറഞ്ഞയയ്ക്കാം എന്ന സമ്മദത്തോടെ അവനെ സമാദാനിപ്പിച്ചു വിട്ടു.അമ്മയുടെ ആ വാക്കുകൾ കേട്ട് അവൻ തുള്ളിച്ചാടി.പക്ഷേ, അമ്മയുടെ മനസ്സ് നീറുകയായിരുന്നു.അമ്മ കുറെ ആലോചിച്ചു.അപ്പോഴാണ് അമ്മയുടെ മനസിൽ ഒരു വഴി തെളിഞ്ഞത്.കുറച്ചു ദിവസത്തേക്ക്
ജോലിയുടെ ആവശ്യത്തിനാണെന്ന് പറഞ്ഞ് ഇവിടെ നിന്ന് മാറി

നിൽക്കാമെന്നും വേറെ ഏതെങ്കിലുമൊരു പ്രദേശത്ത് പോയി ത
ന്റെ ഏക കഴിവായ നൃത്തം ചെയ്ത് പൈസ സമ്പാദിക്കാമെന്നും.
പിറ്റേ ദിവസം തന്നെ അമ്മ മകനോട് യാത്ര പറഞ്ഞു പോയി.അ
മ്മ വിശ്രമമില്ലാതെ അധ്വാനിക്കുമ്പോൾ മകൻ അമ്മ കൂടെയില്ലാ
ത്തതിന്റെ പേരിൽ സന്തോഷിക്കുകയായിരുന്നു.വിനോദയാത്രയു
ടെ തലേ ദിവസം രാവിലെ അമ്മ വീട്ടിൽ തിരിച്ചെത്തി.രാമു നല്ല
ഉറക്കമായിരുന്നു.അവനെ ശല്യം ചെയ്യാതെ അമ്മ വരാന്തയിൽ
ഇരുന്നു.അവൻ കുറച്ചുകഴിഞ്ഞപ്പോൾ കതകു തുറന്നു.അപ്പോൾ ത
ന്റെ അമ്മയെ കണ്ടപ്പോൾ അവന് ദേഷ്യം തോന്നി.
അമ്മ നിറകണ്ണുകളോടെ അവനെ നോക്കി.രാമു വിദ്യാലയത്തിൽ പോ
കാനിറങ്ങിയപ്പോൾ അമ്മ അവന് പണം നൽകി.പണം കണ്ട
പ്പോൾ അവന്റെ മനസ്സ് സന്തോഷത്താൽ നിറഞ്ഞിരുന്നു.അവൻ
വിദ്യാലയത്തിലേക്കോടി.പിറ്റേ ദിവസം തന്നെ അവൻ വിനോദ
യാത്രയ്ക്ക് പുറപ്പെട്ടു.രണ്ടു ദിവസത്തെ യാത്രയ്ക്കുശേഷം അവൻ തിരിച്ചെത്തിയപ്പോൾ അവന്റെ
വീട്ടിനു മുൻപിൽ ആൾക്കൂട്ടം.അവൻ ഓടിപ്പോയി നോക്കിയപ്പോൾ അവന്റെ അമ്മ അന
ക്കമ്ല്ലാതെ കിടക്കുന്നു.അവൻ നെഞ്ചുപൊട്ടിക്കരഞ്ഞുകൊണ്ട് അ
വൻ ഇന്നേ വരെ അമ്മയെ വേദനിപ്പിച്ചതും എല്ലാം ഓർത്തു.അന്ന്
അവന് മനസ്സിലായി തന്റെ അമ്മ തനിക്ക് വേണ്ടി കഷ്ടപ്പെട്ടതും
അമ്മയുടെ സ്വപ്നവും എല്ലാം.അന്നുമുതലാണ് താൻ ശരിക്കും തനി
ക്കും തനിച്ചായതെന്നും അമ്മയോട് ഇന്നുവരെ ചെയ്ത തെറ്റിനായി
അവൻ അമ്മയുടെ സ്വപ്നം പോലെ ഒരു ഡോക്ടറായി അതിന് പ്രാ
യശ്ചിത്തം ചെയ്തു.ഉള്ളിൽ ദു:ഖവും പുറമെ പുഞ്ചിരിച്ചുകൊണ്ടും നിൽക്കുന്ന തിളങ്ങുന്ന രത്നമാണ് അമ്മയെന്ന് അവന് മനസ്സിലാ
യി.അന്നുമുതൽ അവൻ അവന്റെ അമ്മയെ എന്നും ആരാധിച്ചു.

**പാർവണ**

# പ്രകൃതി

ആഭരണീയ ഗുരുജനങ്ങളെ എന്റെ പ്രിയ സഹപാഠികളെ,
ഞാനിന്ന് നിങ്ങളോട് പറയാൻ തിരഞ്ഞ
ടുത്ത വിഷയം 'പ്രകൃതി'യാണ്.പ്രശസ്ത കവി ശ്രീ ചങ്ങമ്പുഴയുടെ ര
ണ്ടുവരി ആലപിച്ചുകൊണ്ട് ഞാൻ തുടങ്ങട്ടെ , 'മലരണിക്കാട്ടുകൾ
തിങ്ങി വിങ്ങി മരതക കാന്തിയിൽ മുങ്ങി മുങ്ങി ' നമ്മുടെ പ്രകൃതി നമുക്ക് മനോഹരമായ
പൂക്കൾ ,ആകർഷകമായ പക്ഷികൾ ,ഭൂമി ,
നദികൾ ,കടൽ ,വനങ്ങൾ ,വായു ,ജലം ,മലകൾ ,താഴ്വരകൾ തുടങ്ങിയ നിരവധി
സൗഭാഗ്യങ്ങൾ വരദാനംചെയ്യുന്നു.
പ്രകൃതിയും മനുഷ്യനും ഒരു നാണയത്തിന്റെ ഇരു മുഖം പോലെയായിരുന്നു.
അവൻ കൃഷി ചെയ്തും മരങ്ങൾ നട്ടും പ്രകൃതിയോട് ഇണങ്ങിചേർ
ന്നു.

എന്നാലിന്നോ? നേരെ മറിച്ച് മനുഷ്യന്റെ കറുത്തകൈകൾ
പ്രകൃതിയെ കൊന്നുകൊണ്ടിരിക്കുകയാണ്.നമ്മുടെ ആവാസവ്യവ
സ്ഥ ഒരു ചീട്ടുകൊട്ടാരം പോലെയാണ് അതിന്റെ അടിത്തറയായ
പ്രകൃതിയെ മരങ്ങളെ  നാം നശിപ്പിച്ചാൽ അത് പതിയെ ഓരോന്നായി തകരുന്നു.നാം
പ്രകൃതിയോട് ചെയ്തതിന്റെ മറുപടി
യാണ് ഈയടുത്ത്  കേരളത്തെ മാറ്റിമറിച്ച പ്രളയദുരന്തം.അതിൽ
പ്രകൃതിയുടെ രൗദ്രഭാവം നാം കണ്ടതാണ്.
നാം പ്രകൃതിയുടെ മക്കളാണ്.അമ്മയുടെ സന്തോഷം ഓരോ മക്കളുടേയും കടമയാണ്.ഭൂമി
ക്ക് ചരമ ഗീതം പാടാൻ നാം അനുവദിക്കരുത്.നാം ഒത്തൊരുമ
യോടെ പ്രകൃതിയെ വീണ്ടെടുക്കാം .ഇനി ഒരു പ്രളയദുരന്തത്തിനും
നമ്മെ തോൽപ്പിക്കാനാവില്ല.ആധുനിക കാലഘട്ടത്തിലെ നാം
പ്രകൃതിയെ നശിപ്പിക്കാതെ സംരക്ഷിക്കാൻ ശ്രമിക്കണം.ഇനി വ

രാൻ പോകുന്ന തലമുറയ്ക്കായ് നമുക്ക് നമ്മുടെ പാരമ്പര്യസ്വത്തായ പ്രകൃതിയെ ദാനം ചെയ്യാം എന്നുപറഞ്ഞുകൊണ്ട് ഞാൻ നിർത്തട്ടെ....

ജയ്ഹിന്ദ്

അളകനന്ദ പി പി

*9-A*

# കൂട്ടുകാർ

– കവിത –

എന്നോടൊപ്പം ഇല്ലായിരുന്നവർ
എന്നോ എന്നിലേ ഞാനായി മാറിയവർ
എന്റെ കണ്ണീരുപ്പായി എന്നോ അവർ മാറിയവർ
എൻ പുഞ്ചിരിതൻ മധുര്യം നകരാൻ
അവർ ഒരു പൂമ്പാറ്റയായി
എന്നും നിഴലായി എൻ കൂടെ
ഉണ്ടാവുമെന്നുറപ്പുള്ളവർ
ആകാശ സീമകൾ
താണ്ടിയാലും
എൻ ഹൃദയകോണിൽ
തിളങ്ങും
തീരാവെട്ടമായി അവർ
എൻ കൂട്ടുകാർ.....

-ആയിഷ അനൻ
10A

# നശിക്കുന്ന പ്രകൃതി

<u>ഉപന്യാസം</u>

"മലരണികാട്ടുകൾ തിങ്ങി വിങ്ങി
മരതക കാന്തിയിൽ മുങ്ങി മുങ്ങി
കരളും മിഴിയും കവർന്നു മിന്നി
കറയറ്റൊരാലസ ഗ്രാമഭംഗി"

കേരളത്തെക്കുറിച്ച് കവിപാടിയതിങ്ങനെ. പച്ചവിരിച്ച വയലുകളും, വെള്ളിയരഞ്ഞാൺ പോലെ ഒഴുകുന്ന പുഴകളും കൂട്ടത്തോടെ നിൽക്കുന്ന മരങ്ങളും കേരളത്തെ മനോഹരമാക്കുന്നു. "മാവേലി നാട്ടുവാണിടുകാലം" പോലെ മനുഷ്യർ എല്ലാവരും നിഷ്കളങ്കരും പ്രകൃതി സ്നേഹിയുംമായിരുന്നു. കള്ളമോ ചതിയോ ഇല്ലാത്ത ഒരു സംസ്ഥാനം. സത്യസന്ധതയ്ക്കും മനുഷ്യ സ്നേഹത്തിനും പേര് കേട്ട സംസ്ഥാനം. അങ്ങനെ കേരളത്തെ വർണ്ണിക്കാൻ പലപേരുകളും ഉണ്ട്. പലരീതികളുണ്ട്. " ദൈവത്തിന്റെ സ്വന്തംനാട്" എന്ന് പേര് കേട്ട കേരളത്തിന്റെ പ്രകൃതി സൗന്ദര്യഭംഗി ദൈവത്തിന്റെ അനുഗ്രഹത്തിന്റെ തെളിവാണ്.

എന്നാൽ പ്രകൃതിയുടെ ഭംഗി മനസ്സിലാക്കിയ കേരളത്തിന് ഇതെന്ത് പറ്റി? പിശാചിന്റെി കറുത്ത വിരലുകൾ കേരളത്തെ പിടിച്ച് കുലുക്കുകയാണ്. പ്രകൃതി ഭംഗിക്ക് പേര്കേട്ട കേരളം ഇന്ന് നശിച്ച് പോകുകയാണ് . പ്രകൃതി മാത്രമല്ല അവിടെ വസിക്കുന്ന മനുഷ്യരും ഇഞ്ച് ഇഞ്ചായി ചത്തുപോകുന്നത് നമ്മൾ മനസിലാക്കുന്നില്ല എന്നത് ഒരു സത്യമാണ്. കേരളത്തെ നാം നശിപ്പിക്കുന്നത് പലവഴികളിലൂടെയാണ്. സ്വന്തം അമ്മയുടെ മാറ് പിളർന്നെടുക്കുന്നതിന് തുല്യമാണ്

നാം ഇന്ന് ചെയ്യുന്ന അനീതികൾ. മരങ്ങൾ വെട്ടിയും, മലകൾ ഇടിച്ചു നിരത്തിയും വയലുകൾ നികത്തിയും നമ്മൾക്ക് ചെയ്യാൻ പറ്റുന്ന എല്ലാ ഉപദ്രവങ്ങളും നാം നമ്മുടെ പെറ്റമ്മയോട് ചെയ്യുന്നുണ്ട്. ഒരു വികാരവുമില്ലാതെ നാം മനുഷ്യർ മരങ്ങൾ വെട്ടിമാറ്റുകയാണ് . എന്തിന് ? നമ്മുടെ സ്വകാര്യ ആവിശ്യത്തിന് വേണ്ടി . ആ മരങ്ങൾ വേട്ടുന്നതിലൂടെ എത്ര ജീവനാണ് നശിച്ചു പോകുന്നത് . പക്ഷികളും മൃഗങ്ങളും ഭൂമിയിലെ പല ജീവജാലങ്ങളും നശിച്ചുപോകും . ഇപ്പോൾ തന്നെ എത്ര ജീവനാണ് നാം ബലികഴിപ്പിച്ചിരിക്കുന്നത് ?പ്രകൃതിയുടെ ജല സംഭരണയായ മലകൾ ഇടിച്ച് നിരത്തി കെട്ടിടങ്ങൾപടത്തുയർത്തുമ്പോൾ ഒരു ജൂവിതകാലത്തിന്റെ പകുതിയോളം മാത്രമെ നാം അതിനെ ഉപയോഗപെടുത്തുന്നുള്ളൂ.ഇത് ഭീതിതമാണ് നാളെ വയലുകളും മലകളും പുഴകളും തുമ്പപ്പൂവും തുമ്പിയുമെല്ലാം വെറും ഓർമകളായി കാലയവനികയ്ക്കുള്ളിൽ മറയും...

ദേവനന്ദ പി

7-A

# പെൻസിൽ രചന

വൈഗ സി–൮ സി



അനുചന്ദ്ര എസ്–6 B



## SINDRA K C-7A




## SANIYA R K-7B



NIHARA SURESH-9 A



KASHMEERA R-8C



# പിഞ്ചോമനമകൾ

എന്തിനു  മനുഷ്യാ  നീ പിഞ്ചോമനമകളോട്

ഈ ക്രൂരത ചെയ്തത്.

നീ ഒരമ്മയുടെ ഉദരത്തിൽ പിറന്നതല്ലേ.....

നിൻ കൈ  വിറച്ചില്ലേ......

നിൻ കാൽ തളർന്നില്ലേ.....

പെറ്റമ്മതൻ വാക്കുകൾ എടുകാതെ...

നിയമ്മങ്ങൾ നിന്നെ ശിക്ഷിച്ചതില്ലലോ....

ഇനിയുള്ള പിഞ്ചോമനമക്കൾക്ക്...

എങ്കിലും നിൻ മൃഗത്തിൻ കൈ വെട്ടുവാൻ....

ശക്തിനൽകിട്ടെ.....................

പിന്നിട് നിൻ മൃഗത്തിൻ

കൈ പിഞ്ചോമനമക്കൾക്ക്

നേരേ ഉയരാതിരിക്കട്ടെ..........

പാർവതി-6C

# വായനക്കുറിപ്പ്

" കിട്ടുന്നതിൽ പാതി" എന്ന പുസ്തകമാണ് ഞാൻ വായിച്ചത്.ഈ പുസ്തകം ഒരു കൊച്ചു കഥകൾ ഉൾപ്പെട്ടത്താണ്.ഈ പുസ്തകത്തിലുള്ളത് മുല്ലാ നസ്റുദ്ദീന്റെ കഥകളാണ്.എനിക്ക് ഈ പുസ്തകത്തിൽ ഏറ്റവും ഇഷ്ടപ്പെട്ട കഥയാണ് 'നല്ല സ്വപ്ന'.ഇതിലെ കഥാപാത്രങ്ങളാണ് മുല്ലയും രണ്ടു സുഹൃത്തുക്കളും.ഈ കഥയിൽ മൂന്നുപേരും യാത്ര പോവുകയാണ്.യാത്രയ്ക്ക് അവരുടെ കൈയിൽ ഉണ്ടായിരുന്നത് ഒരു ഹൽവ മാത്രമായിരുന്നു.ആ ഹൽവയ്ക്ക് വേണ്ടി മൂന്നുപേരും കൂടി തർക്കമുണ്ടായപ്പോൾ നസറുദീൻ അതു കിട്ടാൻ വേണ്ടി മൂന്നുപേരും ഒരു ഉപായം ഒപ്പിച്ചു ഇന്ന് എറ്റവും നല്ല സ്വപ്നം ആരാണോ കാണുന്നത് അവർക്ക് ഈ ഹൽവ അങ്ങനെ എല്ലാവരും ഉറങ്ങി എഴുന്നേറ്റു. നസറുദീൻ കണ്ട സ്വപനം എന്താണെന്ന് പറ ഞ്ഞു.ഞാൻ കണ്ടത് എന്റെ ഗുരു എന്നോട് നീ ആണ് എല്ലാത്തിനും നല്ലവൻ അതിനാൽ നിനക്കാണ് ഈ ഹൽവ. എന്റെ ഗുരു പറഞ്ഞത് എനിക്ക് അനുസരിക്കാതിരിക്കാൻ പറ്റില്ലല്ലോ അതു കൊണ്ട് ഞാൻ ആ ഹൽവ മുഴുവനും കഴിച്ചു .


ഇതു കേട്ട് രണ്ട് സുഹൃത്തുക്കൾ മുല്ലയെ നോക്കി

തൻമയ .കെ

**5-D**

# ജലച്ഛായം

ARYANANDA MP-7C



DEVAPRIYA P 6B



# The little kite runners....

പട്ടം പറത്തുന്നവർ നമുക്കായൊരു ലോകം പണിയുന്നു....നിലാവുള്ള സൂര്യനും..... ഇളംപച്ചനിറത്തിൽ നക്ഷത്രങ്ങളുമുള്ള..... പാട്ടുപാടി വിത്തുകൾമുളയ്ക്കുന്ന....കുണുകൾ മുളച്ചതുപോലെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാവുന്ന കുഞ്ഞുലോകം......ലോകത്തിലെ എല്ലാ മനുഷ്യരും പൂത്തുവിരിയുന്നലോകം...അതെ ഒറ്റ ക്ലിക്കിൽ ആകാശം തൊടുന്നവർ... little kite runners....

# HELPING HAND

Once upon a time there lived a poor beggar. He had no food to eat. One day he went near a

school. All childrens were eating different food items. He asked to a boy

“will you please give me some food”.boy

replied “no, go away what a dirty person”.

He begged to a group of people sitting on the desk to give some food. the children get angry and they beat him and tied with a piece of cloth. He cryied loudly. Two girls passed through that way, but they don’t mind. At that time a student saw that beggar. She removed

that cloth on the hand of beggar. she asked

‘what happened to you?.he replied,

“l asked for some food  the students of that school for many times, then they tied me with

this cloth”he started to cry. Don’t worry l will give you some food to eat ‘she said’.

Beggar was very happy .

‘HELPING HANDS ARE GODS HAND’

“HELP EVER , HURT NEVER”

BY DEVIKA.S 5 A

# ജലച്ഛായം

***അളകനന്ദ കെ കെ-8 E***



# നന്ദി....

## ലിറ്റിൽകൈറ്റ്സ് ടീം 2019-2021





# *THANK YOU…….*